12. 2005-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ. 2005-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്ട്. (2005-ലെ പന്ത്രണ്ടാം ആക്ട്).

13. 2005-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ. 2005-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്ട്. (2005-ലെ പതിമൂന്നാം ആക്ട്).

14. 2005-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ. 2005-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ആക്ട്. (2005-ലെ പതിനാലാം ആക്ട്).

15. 2005-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ. 2005-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ആക്ട്. (2005-ലെ പതിനഞ്ചാം ആക്ട്).

16. 2005-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ. 2005-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ആക്ട്. (2005-ലെ പതിനാറാം ആക്ട്).

17. 2005-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ. 2005-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ആക്ട്. (2005-ലെ പതിനേഴാം ആക്ട്).

18. 2005-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ. 2005-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ആക്ട്. (2005-ലെ പതിനെട്ടാം ആക്ട്).

19. ദി കേരള ഗെയിമിംഗ് അമെന്റ്മെന്റ് ബിൽ, 2005. 2005-ലെ കേരള ഗെയിമിംഗ് അമെന്റ്മെന്റ് ആക്ട്, 2005. (2005-ലെ പത്തൊമ്പതാം ആക്ട്).

20. 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ബിൽ. 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്ട്. (2005-ലെ ഇരുപതാം ആക്ട്).

VIII റിപ്പോർട്ട് സമർപ്പണം

ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ട്

ശ്രീ. വി. ഡി. സതീശൻ: ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ട് സമിതി ചെയർമാനായ ശ്രീ. ബിനോയ് വിശ്വത്തിനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

IX നിയമനിർമ്മാണകാര്യം

(1) 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ, ഭൂനികുതിയും വനവും മൽസ്യബന്ധനവും സംബന്ധിച്ച 11-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി *(ശ്രീ. സി. എഫ്. തോമസ്)*: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

X ക്രമപ്രശ്നം

(1) ബില്ലിന്റെ പബ്ലിക്കേഷനിലെ അപാകത

ശ്രീ. ടി. എം. ജേക്കബ്: സർ, നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യൂവറിൽ ഈ ബില്ലിന്റെ അവതരണത്തെയും പബ്ലിക്കേഷനെയും സംബന്ധിച്ച് വളരെ വിശദമായി അദ്ധ്യായം 14-ൽ പ്രതിപാദിക്കുന്നുണ്ട്; നിയമസഭയിൽ സർക്കുലേറ്റ് ചെയ്യുന്ന നിയമങ്ങളെ സംബന്ധിച്ച് വ്യക്തമായിട്ടുള്ള കീഴ്വഴക്കങ്ങളും സഭയിലുണ്ട്. അങ്ങ് കഴിഞ്ഞ ദിവസങ്ങളിൽ ഞങ്ങൾക്ക് തന്ന ബുള്ളറ്റിനുകളിലും കോപ്പിയുടെ അലോട്ട്മെന്റിലുമെല്ലാം 'വനം' എന്ന സബ്ജക്ട് പൂർണ്ണമായിട്ട് കൈകാര്യം ചെയ്യുന്നത് മന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണെന്ന് പറഞ്ഞിരുന്നു. നിയമസഭയിൽ ഒരു ബിൽ വന്നതിനുശേഷം ഏത് മന്ത്രിക്ക് വേണമെങ്കിലും അത് ഫൈറ്റ് ചെയ്യാം. പക്ഷേ, 2004-ലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ പരിശോധിച്ചാൽ ഇതിന്റെ ആദ്യത്തെ രണ്ട് സെക്ഷനിൽ അതിന്റെ പേരും ഡെഫനിഷൻ ക്ലാസും ആണ് പറഞ്ഞിരിക്കുന്നത് എന്നു മനസ്സിലാകും. 3-ാം വകുപ്പു മുതലാണ് ഇതിന്റെ ഓപ്പറേഷൻ ക്ലാസ് ആരംഭിക്കുന്നത്. ഇതിൽ 15 ലെ ചട്ടങ്ങൾ ഉണ്ടാകുന്നതുവരെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. 3-ാം വകുപ്പിൽ വനേതര ഭൂമിയുടെ ഉടമസ്ഥന്റെ അവകാശങ്ങളെക്കുറിച്ചാണ് പറയുന്നത്. 4-ാം വകുപ്പിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കർത്തവ്യങ്ങളെക്കുറിച്ച് പറയുന്നുണ്ട്. 5-ാം വകുപ്പ് വനം വകുപ്പിന്റെ കർത്തവ്യങ്ങളെക്കുറിച്ചും, 6-ാം വകുപ്പിൽ ഉടമസ്ഥർക്ക് വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അവകാശത്തെക്കുറിച്ചുമാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ കേസ് കോഗ്നൈസബിൾ ഒഫൻസായിത്തന്നെ എടുക്കണമെന്ന് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നു. അതനുസരിച്ച് ഇത് ഇനിഷ്യേറ്റ് ചെയ്യേണ്ടത് ഫോറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റാണ്. അനധികൃതമായി കടത്തിക്കൊണ്ടുപോകുന്ന തടിയും മറ്റ് വസ്തുക്കളും പിടിച്ചെടുക്കാനുള്ള അധികാരം വനം വകുപ്പിലെ ഫോറസ്റ്ററുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന് നൽകിയിരിക്കുകയാണ്. 6-ാം വകുപ്പിൽ ഇതിനെക്കുറിച്ചാണ് പറയുന്നത്. 9-ാം വകുപ്പിൽ പിടിച്ചെടുത്ത വസ്തുക്കൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ചും ആ വകുപ്പിലെ 3-ാം ഉപവകുപ്പിൽ അതിന്റെ ബാക്കി കാര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുവാദം കൂടാതെ ഏതൊരാളിനും എതിരായി ശിക്ഷാനടപടികൾ സ്വീകരിക്കാൻ പാടുള്ളതല്ല. അത് പരിശോധിച്ചാൽ ഇതിനകത്ത് റവന്യൂ ഡിപ്പാർട്ടുമെന്റിന് ..... (ബഹളം) ..... അങ്ങ് സംസാരിക്കാറായിരുന്ന ആളാണ്. അങ്ങേക്ക് അറിയാം. ബിൽ അവതരിപ്പിക്കാൻ ശ്രീ. കെ. എം. മാണിക്ക് അർഹതയുണ്ട്. അതിനെക്കുറിച്ച് എനിക്ക് ഒബ്ജക്ഷനില്ല. എന്റെ പോയിന്റ് മറ്റൊന്നാണ്. വനേതര സ്ഥലങ്ങളിൽ ആരൊക്കെയാണ് വൃക്ഷം നട്ടു പിടിപ്പിക്കേണ്ടത്? വനേതര സ്ഥലങ്ങളിൽ ആർക്കൊക്കെയാണ് ഇനിഷ്യേറ്റീവ് കൊടുത്തിരിക്കുന്നത്? ആദ്യം ആര് ചെയ്യണം? തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണെന്ന് കൃത്യമായിട്ട് പറയുന്നുണ്ട്. ഈ ബിൽ മുഴുവൻ ഞാൻ വായിച്ചതാണ്. ഈ ബിൽ പബ്ലിഷ് ചെയ്തിരിക്കുന്നത് ശ്രീ. കെ. എം. മാണിയുടെ പേരിലാണ്. അദ്ദേഹത്തോട് വ്യക്തിപരമായി എനിക്ക് ഒരു വിദ്വേഷവും ഇല്ല. ഈ നിയമസഭയിൽ തെറ്റായ കീഴ്വഴക്കം ഉണ്ടാകാൻ പാടില്ല എന്നുള്ളത് എനിക്ക് നിർബന്ധമുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പേരിലാണ് ഈ ബിൽ പബ്ലിഷ് ചെയ്യേണ്ടിയിരുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പേരിൽ പബ്ലിഷ് ചെയ്തുവരുന്ന ബിൽ ശ്രീ. കെ. എം. മാണിക്ക് അവതരിപ്പിക്കാം. പക്ഷേ, ബില്ലിന്റെ പബ്ലിക്കേഷൻ റൂൾ 69 അനുസരിച്ച് ചട്ട വിരുദ്ധമാണ്. അങ്ങനെയുള്ള ഈ നിയമനിർമ്മാണത്തിന് ഈ സഭയ്ക്ക് കൂട്ടുനിൽക്കാൻ കഴിയുമോ? ഇതിനുമുൻപ് ഞാൻ മന്ത്രി അല്ലാതിരുന്ന കാലഘട്ടത്തിലും ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തിട്ടുള്ള ആളാണ്. എന്റെ അറിവിൽ കറക്ഷൻസ് ഉണ്ടെങ്കിൽ തിരുത്തിക്കോളൂ. ഞാൻ അഡ്മിറ്റ് ചെയ്യാൻ തയ്യാറാണ്. എന്റെ അറിവിൽ റൂൾസ് ഓഫ് പ്രൊസീഡ്യൂവർ അനുസരിച്ച് മുഖ്യമന്ത്രി വകുപ്പ് തിരിച്ചുകൊടുത്തുകഴിഞ്ഞാൽ ആ വകുപ്പിൽപ്പെടുന്ന കാര്യങ്ങൾ കാബിനറ്റിൽ കൊണ്ടുവരുന്നത് .....(ബഹളം)..... കാബിനറ്റിൽ ബിൽ കൊണ്ടുവന്ന് .....(ബഹളം).....ഞാൻ പറയട്ടെ.....അങ്ങ് എന്താണ് അസ്വസ്ഥനാകുന്നത്? കാബിനറ്റിൽ ആദ്യം ബിൽ കൊണ്ടുവരുന്നത് കൺസേൺഡ് മിനിസ്റ്ററാണ്. അത് പാസ്സാക്കുമ്പോൾ കളക്ടീവ് ഡിസിഷനാണ്. കാബിനറ്റിൽ പാസ്സാക്കി അത് അയച്ചുകഴിഞ്ഞാൽ ബിസിനസ് റൂൾ അനുസരിച്ച് ഇവിടെ വരും. അതാതു വകുപ്പനുസരിച്ചുള്ള മന്ത്രിയാണ് കാബിനറ്റിൽ അതാത് ബിൽ കൊണ്ടു വരുന്നത്. അല്ലാതെ ഫോറസ്റ്റിന്റെ ഒരു കാര്യം ധനകാര്യവകുപ്പുമന്ത്രിക്ക് കൊണ്ടുവരാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുമോ? റവന്യൂ വകുപ്പുമന്ത്രിക്ക് കൊണ്ടുവരാൻ പറ്റുമോ? ലേബർ മിനിസ്റ്റർക്ക് പറ്റുമോ? അത് മുഖ്യമന്ത്രി അലോട്ട് ചെയ്ത് ആർക്ക് കൊടുത്തിരിക്കുന്നുവോ അയാൾക്കേ പറ്റൂ. അങ്ങനെ ഇവിടെ വന്ന് പാസ്സാക്കി വരുന്ന ബിൽ പബ്ലിഷ് ചെയ്യുന്ന സന്ദർഭം വരുമ്പോൾ എങ്ങനെ പേര് മാറുന്നു? അത് സഭയോടു കാണിക്കുന്ന തികഞ്ഞ അനാദരവാണ്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ പറ്റിക്കാൻ കഴിയുമായിരിക്കും. പക്ഷേ, സഭയിൽ പുലർത്തേണ്ട നീതിയും കീഴ്വഴക്കവും പുലർത്താതെ ഒരു നിയമം അവതരിപ്പിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഈ ബില്ലിന്റെ പബ്ലിക്കേഷൻ നടപടികൾ ശരിയായ രൂപത്തിലുള്ളതല്ല; ഇത് ചർച്ച ചെയ്യാൻ പടില്ല എന്നാണ് എന്റെ അഭിപ്രായം. അത് കറക്ട് ചെയ്ത് ബിൽ അവതരിപ്പിച്ചശേഷം ചർച്ചയ്ക്കെടുക്കാം.

ശ്രീ. കെ. എം. മാണി: ശ്രീ. ടി. എം. ജേക്കബ് ഭരണപക്ഷത്തായിരുന്നപ്പോൾ കാര്യങ്ങൾ വളരെ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്ന വ്യക്തിയായിരുന്നു. അങ്ങോട്ട് മാറിയപ്പോൾ ലാഘവബുദ്ധിയോടുകൂടി ഓരോ കാര്യങ്ങൾ ചെയ്യുന്നത് കാണുമ്പോൾ എനിക്ക് സങ്കടം തോന്നുന്നു. ഇത് ശ്രീ. ജേക്കബ് ഉണ്ടായിരുന്ന കാബിനറ്റിൽ പാസ്സാക്കിയതാണ്. ഇത് 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബില്ലാണ്. വനത്തിനകത്തല്ല വൃക്ഷം വളർത്തുന്നത്; സഹകാര്യ ഭൂമിയിലാണ്; റവന്യൂവിലാണ്. വനത്തിനകത്തുള്ള ഭൂമിയിൽ വൃക്ഷം നട്ടുവളർത്തുന്നതിനുള്ള ബിൽ വനം മന്ത്രിയാണ് കൊണ്ടുവരേണ്ടത്. ഇത് വനത്തിന് പുറത്താണ്. ശ്രീ. ടി. എം. ജേക്കബ് ഒരുകാര്യംകൂടി മനസ്സിലാക്കണം. ഇത് കൊണ്ടുവന്നത് എന്താണെന്ന് ചോദിച്ചാൽ ..... (ബഹളം) ..... പഴയ മണൽപ്രശ്നത്തെ, മണൽ എന്റേതല്ല എന്നു പറഞ്ഞ് കുത്തിത്തിരിപ്പുണ്ടാക്കാൻ നോക്കി. എന്റെ കാബിനറ്റിൽ ഇരുന്ന ശ്രീ. ടി.എം. ജേക്കബ് പോയി പ്രതിപക്ഷത്തിന് എഴുതിക്കൊടുത്തു ..... (ബഹളം)..... കാബിനറ്റ് പ്രൊപ്പോസൽ കാണിക്കാതെ ഇവിടെ മന്ത്രിയായിരുന്ന ആൾ പ്രതിപക്ഷത്തിന് എഴുത്ത് കൊടുത്തു. പ്രതിപക്ഷത്തെക്കൊണ്ട് അത് ശ്രീ. മാണി കൈകാര്യം ചെയ്യേണ്ട വകുപ്പല്ലെന്ന് പറയിപ്പിച്ചു. അതുകൊണ്ട് ..... (ബഹളം) .....

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. വളരെ നിരുത്തരവാദപരമായി ഒരു മിനിസ്റ്റർ സംസാരിക്കാൻ പാടില്ല. ഒരു കാബിനറ്റിന്റെ കൂട്ടായ്മ എന്താണെന്ന് അദ്ദേഹത്തെപ്പോലെതന്നെ എനിക്കും അറിയാം. അദ്ദേഹത്തിന്റെ കാബിനറ്റിലല്ല ഞാൻ അംഗമായിട്ടിരുന്നത്. ഞാൻ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാബിനറ്റിലാണ് അംഗമായിരുന്നത്. ഒരു കാബിനറ്റിന്റെ സീക്രസിയും അതിൽ പുലർത്തേണ്ട മാന്യതയും ഞാൻ പുലർത്തിയിട്ടുണ്ട്. അത് പുലർത്താത്തത് ശ്രീ. കെ. എം. മാണിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഞാൻ ലീഡ് ചെയ്ത കാബിനറ്റ് എന്നല്ല പറഞ്ഞത്. നമ്മൾ രണ്ടുപേരും അംഗങ്ങളായിരുന്ന നമ്മുടെ കാബിനറ്റ് എന്ന അർത്ഥത്തിലാണ് പറഞ്ഞത്. ഞാൻ ഇതിന്റെ Preamble എടുക്കുകയാണ്. WHEREAS the Law Reforms Committee appointed by the Government of Kerala have recommended to bring in a legislation to promote cultivation of trees in non-forest areas in order to fulfil the needs enumerated above. ഞാൻ ചെയർമാനായി കാബിനറ്റ് ഒരു ലാ റിഫോംസ് കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ ലാ റിഫോംസ് കമ്മിറ്റിയുടെ നിർദ്ദേശമായിരുന്നു നോൺ ഫോറസ്റ്റ് ഏരിയായിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് പ്രൊമോട്ട് ചെയ്യണം എന്നുള്ളത്. ആ നിലയ്ക്ക് ഞാൻ ഈ ബിൽ ഡ്രാഫ്റ്റ് ചെയ്ത് കാബിനറ്റ് അംഗീകരിച്ച് ഇപ്പോൾ ഇൻട്രൊഡ്യൂസ് ചെയ്തു. അതിൽ ഒരു അപാകതയുമില്ല. ശ്രീ. ജേക്കബ് ഒരു മണിക്കൂർ പ്രസംഗിച്ചാലും ഒരു അപാകതയുമില്ല. ഈ ബില്ലിനെ എതിർക്കുന്നതിൽ രാഷ്ട്രീയം മാത്രമേയുള്ളൂ.

ശ്രീ. ടി. എം. ജേക്കബ് : ഇത് കാബിനറ്റിൽ കൊണ്ടുവന്നത് ശ്രീ. സുധാകരൻ മന്ത്രിയാണ്. വെറുതെ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. അല്ലെങ്കിൽ ഇപ്പോഴത്തെ ഫോറസ്റ്റ് മിനിസ്റ്റർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയട്ടെ. ഞാൻ ചലഞ്ച് ചെയ്യുന്നു. അന്നത്തെ കാബിനറ്റിൽ ഈ ബിൽ കൊണ്ടുവന്നത് ശ്രീ. കെ. സുധാകരൻ മന്ത്രിയാണ്.

ശ്രീ. കെ. എം. മാണി : ശ്രീ. ജേക്കബും ഞാനുംകൂടി അംഗമായിരുന്ന കാബിനറ്റ് പാസ്സാക്കിയ നിയമമാണിത്. വനേതരം വനത്തിനകത്ത് അല്ല, ലാ റിഫോംസ് കമ്മിറ്റിയുടെ റെക്കമെന്റേഷൻ അനുസരിച്ച് കാബിനറ്റ് പാസ്സാക്കിയ നിയമം. നാചറൽ കൊറോളറി അനുസരിച്ച് ലാ റിഫോംസ് കമ്മിറ്റിയുടെ ചെയർമാൻ എന്നുള്ള നിലയ്ക്കും റിഫോംസ് മിനിസ്റ്റർ എന്നുള്ള നിലയ്ക്കും വനേതര സബ്ജക്ട് ആയതുകൊണ്ടും എന്റെ പേരിൽ ബിൽ അച്ചടിച്ച് വന്നിരിക്കുന്നതുകൊണ്ടും ഞാൻ ഇത് അവതരിപ്പിക്കുന്നു. It is quite propriety.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കാബിനറ്റ് രഹസ്യങ്ങൾ പുറത്തു പറയുന്നത് ശരിയല്ല. പക്ഷേ ശ്രീ. മാണി പറഞ്ഞതുകൊണ്ട് പറയുകയാണ്. ഇത് രഹസ്യമല്ല, പരസ്യമാണ്. ഇവിടെ ശ്രീ. സുധാകരന്റെ പേരിൽ ബിൽ വന്നു. ഞങ്ങൾക്ക് ഓർമ്മയുണ്ട്. അദ്ദേഹത്തിന്റെ പേരിൽ വന്ന ബിൽ അംഗീകരിച്ചു. അത് സത്യമാണ്. പിന്നീട് കാബിനറ്റ് എന്തെങ്കിലും തീരുമാനിച്ചോ എന്ന് അറിയില്ല. ഒരുപാട് നിയമങ്ങൾ ഭേദഗതി ചെയ്യാനുള്ളതാണ് ലാ റിഫോംസ് കമ്മിറ്റി. ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ അദ്ദേഹം പറയരുത്. ഈ നിയമം വായിച്ചുനോക്കിയാൽ അങ്ങേക്ക് അറിയാം. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഇംപ്ലിമെന്റേഷൻ മുഴുവൻ ഫോറസ്റ്റ് വകുപ്പിനാണ്. അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഇല്ലാത്ത റവന്യൂ വകുപ്പ് മറ്റൊരു വകുപ്പിന് അഡ്മിനിസ്ട്രേഷൻ കൺട്രോൾ ഉള്ള ഒരു വിഷയത്തെ സംബന്ധിച്ച് നിയമം അവതരിപ്പിക്കുന്നത് കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. അത് ഫോറസ്റ്റ് വകുപ്പാണ് ചെയ്യേണ്ടത്.

ശ്രീ. ടി. എം. ജേക്കബ് : ഈ നിയമം പ്രാബല്യത്തിൽ വന്നാൽ ഈ നിയമം കൈകാര്യം ചെയ്യുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റാണോ റവന്യൂ ഡിപ്പാർട്ടുമെന്റാണോ? മറുപടി പറയണം.

മി. സ്പീക്കർ : ശ്രീ. ജേക്കബ് എഴുതിത്തന്നിരിക്കുന്ന ആക്ഷേപം റൂൾ 69 പ്രകാരമുള്ളതാണ്. 69-ൽ പറയുന്നത്, The Speaker may order the publication in the Gazette of any Bill ..... although no motion has been made for leave to introduce the Bill. The Bill is already published. Speaker has got a right to publish a Bill. That Bill is published in the name of the Law Minister. വനേതരങ്ങളെ സംബന്ധിച്ചാണ് അങ്ങ് പറഞ്ഞതുപോലെ അതിന്റെ ഫോഡിയിൽ പല ഡിപ്പാർട്ടുമെന്റിനെപ്പറ്റിയും പരാമർശങ്ങൾ ഉണ്ടായിരിക്കാം. അത് സാങ്കേതികമായി നിയമനിർമ്മാണ നടപടികളെ സ്റ്റാൾ ചെയ്യാനുള്ള ഒരു വാദവിഡ് റീസണായി ഞാൻ കരുതുന്നില്ല. അങ്ങയുടെ ക്രമപ്രശ്നം റൂൾ ഔട്ട് ചെയ്തിരിക്കുന്നു.

ശ്രീ. കെ. എം. മാണി : സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന ചന്ദനം ഒഴികെയുള്ള തേക്ക്, ഈട്ടി തുടങ്ങിയ ഒമ്പത് ഇനം മരങ്ങൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ മുറിക്കുന്നതിന് അനുമതി നൽകുന്ന ഒരു നിയമനിർമ്മാണമാണിത്. അതിന് മുമ്പ് സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരങ്ങളാണെങ്കിലും അത് മുറിക്കുന്നതിന് പല നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. 1974-ൽ ആണ് ആദ്യം ഒരു നിയന്ത്രണം ഉണ്ടായിരുന്നത്. 1974-ലെ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആദ്യം തേക്ക്, ഈട്ടി, ചന്ദനം എന്നീ മൂന്നിനം മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയെങ്കിലേ സ്വകാര്യ വ്യക്തികൾക്ക് അവരുടെ ഭൂമിയിൽ നിൽക്കുന്ന ഇത്തരം മരങ്ങൾ മുറിക്കുവാനാകൂ. 1974-നുശേഷം 1986-ൽ മറ്റൊരു നിയമം അതിന്റെ പുറകുപിടിച്ചുവന്നു. 1986-ലെ നിയമം വന്നപ്പോൾ പുതിയ ഏതിയകളിലേക്ക് ഒന്നുകൂടി നിയന്ത്രണം വ്യാപകമാക്കി. അതിന്റെ അടിസ്ഥാനത്തിൽ മൂന്നിന് പുറമേ ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, വെന്പകം, പടുപ്പി, ചന്ദനവേപ്പ്, വെന്നി എന്നീ പത്തിനം മരങ്ങൾ സർക്കാരിന്റെ അനുമതി കൂടാതെ വെട്ടാൻ പാടില്ല എന്നൊരു നിബന്ധന വരികയുണ്ടായി. അതിന്റെ അർത്ഥം സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന, നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

നട്ടുനനച്ചുവളർത്തിയ നമ്മുടെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ മരങ്ങളാണെങ്കിലും വെട്ടാൻ പാടില്ല എന്നുള്ളതാണ്. അത് തെറ്റായ നിയമമായിരുന്നു. ആ നിയമത്തിന്റെ ഉദ്ദേശം സദുദ്ദേശം ആയിരുന്നു. കാരണം ആ നിയമം വനവൽക്കരണത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി കൊണ്ടുവന്ന ഒന്നായിരുന്നു. വൃക്ഷവളർച്ചയെ ഒരിക്കലും നശിപ്പിക്കാൻ പാടില്ല. ഫോറസ്റ്റ് പ്രൊമോഷൻ വേണം. ട്രീ പ്രൊമോഷൻ വേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അന്ന് ആ നിയമം കൊണ്ടുവന്നത്. എന്നാൽ ഇത്തരം വൃക്ഷങ്ങൾ വെട്ടണമെന്നുണ്ടെങ്കിൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസിൽ അപേക്ഷ കൊടുത്ത് അവർ വന്ന് മഹസ്സർ തയ്യാറാക്കി അവരുടെ സ്പെഷ്യൽ അനുവാദം വാങ്ങിയിട്ടേ വെട്ടാവൂ എന്നുള്ള നിലയിൽ നിയമം വ്യാഖ്യാനിക്കപ്പെട്ടു. എന്നുമാത്രമല്ല, ഫോറസ്റ്റ് ട്രാൻസിഷൻ വൂൾ അനുസരിച്ച് അത് കൊണ്ടുപോകണമെങ്കിൽ വേറെ പെർമിറ്റ് വേണം. ഈ രണ്ട് രീതിയിലുള്ള പെർമിറ്റുകൾ ഫോറസ്റ്റ് ഓഫീസിൽനിന്ന് വാങ്ങിയിട്ട് തേക്കുമരം വെട്ടണമെന്നുണ്ടെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. ഞാൻതന്നെ ഓർക്കുകയാണ്; എന്റെ പുരയിടത്തിൽ നിന്ന തേക്കുമരം എന്റെ പുര പണിയുന്നതിനുവേണ്ടി വെട്ടുന്നതിന് എത്രയോ ദിവസങ്ങളെടുത്തു. എത്രയോ നടപടിക്രമങ്ങൾക്കു വിധേയമായി. നിയന്ത്രണം കർശനമായി വന്നതുകൊണ്ട് കൃഷിക്കാരനെ സംബന്ധിച്ച് ഇനി എന്തിന് തേക്ക് വച്ചുപിടിപ്പിക്കണം; ഇനി എന്തിന് ഈട്ടി വച്ചുപിടിപ്പിക്കണം; വച്ചുപിടിപ്പിച്ചാൽ എനിക്ക് സ്വതന്ത്രമായി വെട്ടാൻ അവകാശമില്ലല്ലോ എന്നു കരുതി അതിന്റെ പ്ലാന്റേഷൻ ഇല്ലാതായി. യഥാർത്ഥത്തിൽ ട്രീ ഗ്രോത്തിന് പരിഹാരമായില്ല. സുപ്രീം കോടതി ഡെഫനിഷൻ അനുസരിച്ചു പറഞ്ഞാൽ ഫോറസ്റ്റ് ഗ്രോത്തിന് ഇത് സഹായകരമല്ല. അതാണ് അനുഭവത്തിൽ കാണുന്നത്. നേരേമറിച്ച് സ്വകാര്യ ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ നിങ്ങൾ വെട്ടിക്കൊള്ളൂ, നിങ്ങളുടെ ഇഷ്ടംപോലെ വിറ്റഴിച്ചോളൂ എന്നു പറഞ്ഞാൽ കൃഷിക്കാർക്ക് ഒരു ഇൻസെന്റീവ് വരും. അവർ സ്വകാര്യ ഭൂമിയിൽ കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കും. ആ ഇൻസെന്റീവാണ് ലാ റിഫോംസ് കമ്മിറ്റി കൊണ്ടുവന്നത്; ഞങ്ങൾ ചർച്ച ചെയ്യുകയുണ്ടായത്. ചന്ദനംകൂടി വേണ്ടതാണ്. പക്ഷേ, ചന്ദനം വിലപിടിപ്പുള്ളതും വളരെ കൊമേഴ്സ്യൽ ആയിട്ടുള്ളതുമായ മരമാണ്. അതുപോലെ സെൻസിറ്റീവായ ഏരിയ ആണ്. അതുകൊണ്ട് ചന്ദനത്തിന് സ്വാതന്ത്ര്യം കൊടുക്കാതെ ചന്ദനം റിസർവ് ചെയ്തുകൊണ്ട് ചന്ദനം ഒഴികെയുള്ള ഏത് മരങ്ങളും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള, അതായത്, സ്വകാര്യ ഭൂമിയിൽ വളർത്തിയിട്ടുണ്ടെങ്കിൽ അത് വെട്ടുന്നതിന് സ്വാതന്ത്ര്യം കൊടുക്കേണ്ടതാണ് എന്നുള്ളത് ലാ റിഫോംസ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. ലാ റിഫോംസ് കമ്മിറ്റി അത് റെക്കമെന്റ് ചെയ്തു. അതനുസരിച്ച് നിയമം ഭേദഗതി ചെയ്യണം. 1986-ലെ നിയമം ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണമെന്ന് ലാ റിഫോംസ് കമ്മിറ്റി റെക്കമെന്റ് ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമനിർമ്മാണ ബിൽ തയ്യാറാക്കി കാബിനറ്റ് അംഗീകരിച്ച് ഈ നിയമസഭയിൽ വന്നത്. കഴിഞ്ഞ നിയമസഭയിൽ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി എന്റെ പേരിൽ പ്രൊപ്പോസ് ചെയ്ത ഈ ബിൽ ശ്രീ. ജേക്കബ് കൂടി പങ്കെടുത്ത ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി റെക്കമെന്റ് ചെയ്ത് ഇവിടെ ടേബിൾ ചെയ്ത് ഡിസ്കഷന് വന്നതാണ്. അത് ശ്രീ. ജേക്കബ് മറന്നുപോയി. പക്ഷേ, അന്നൊന്നും ഈ ഒബ്ജക്ഷൻ ഇല്ലായിരുന്നു. ഇപ്പോൾ പ്രതിപക്ഷത്ത് വന്നപ്പോൾ പുതിയൊരു പോയിന്റ് അദ്ദേഹത്തിന്റെ മനസ്സിൽ വന്നു. അന്ന് അദ്ദേഹത്തിന്റെ മനസ്സിൽ ഇത് ഇല്ലായിരുന്നു; അല്ലെങ്കിൽ എനിക്ക് അഡ്വൈസ് തന്നില്ല. അന്ന് നിയമസഭയിൽ അന്നത്തെ ദിവസം ബിസിനസ്സ് എടുക്കാതെ നിയമസഭ പിരിഞ്ഞു. അതിന്റെ പേരായി

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

അന്ന് ഡിസ്കസ് ചെയ്തില്ല. ഇന്ന് വന്നപ്പോൾ ഒരുതരത്തിൽ പറഞ്ഞാൽ ഇതു നടക്കുമോയെന്ന് എനിക്കു വലിയ സംശയമായിരുന്നു. എങ്ങനെയെങ്കിലും ഇത് പാസ്സാക്കണം. കൃഷിക്കാർ ആഗ്രഹിച്ചിരിക്കുകയാണ്. അപ്പോഴാണ് ശ്രീ. ടി. എം. ജേക്കബിന്റെ ഉടക്ക്. ഇന്നെങ്കിലും ഈ ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് അയച്ച് പാസ്സാക്കിയാൽ കൃഷിക്കാരുടെ ചിരകാലാഭിലാഷം പൂവണിയും. ഇതിൽ കൂടുതൽ വേറെയൊരു സഹായം കൃഷിക്കാർക്ക് ചെയ്യാനുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഇങ്ങനെയുള്ള പെരിയ തടസ്സങ്ങളൊക്കെ മാറ്റിവച്ചുകൊണ്ട്, കർഷക എമിയയിൽനിന്നു വന്നിരിക്കുന്ന ശ്രീ. ടി. എം. ജേക്കബിനെപ്പോലുള്ള ആളുകൾ ഇതിനു തടസ്സം നിൽക്കാതെ ഇതിനെ ഒരു മനോഹരമായ നിയമമാക്കി പാസ്സാക്കിയെടുക്കുന്നതിന് സഹകരിക്കണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബിൽ അവതരിപ്പിക്കുകയാണ്.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): സമയം 1.30 ആയി. ഈ ബിൽ ചർച്ചയ്ക്കെടുക്കാൻ എല്ലാപേരും സഹകരിക്കണം.

ശ്രീ. ടി. എം. ജേക്കബ്: ഇന്ന് ലെജിസ്ലേറ്റീവ് ബിസിനസ്സ് ഉള്ള ദിവസമാണ്. 1.30-ന് സഭ പിരിയണം. സഭ നീട്ടിക്കൊണ്ടുപോകാനുള്ള consensus ഒന്നും സ്പീക്കർ ഇവിടെ എടുത്തിട്ടില്ല. അതുകൊണ്ട് ദയവായി പിരിയണം. നാളെ ഇത് പരിഗണിക്കാം.

മി. ചെയർമാൻ: ഈ ബിൽ എടുത്തിട്ട് അവസാനിപ്പിക്കാം. അതിന്റെ consensus ആണ് ഞാനിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നിയമനിർമ്മാണകാര്യം *(തുടർച്ച)*

ശ്രീ. പി. ടി. തോമസ്: സർ, 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇവിടെ ഒന്നുരണ്ട് പ്രധാന കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ട്. നമ്മുടെ വനഭൂമിയുടെ അളവ് വർഷംതോറും കുറഞ്ഞുവരികയാണ്. ഏകദേശം 35 ശതമാനം വനം നമ്മുടെ നാട്ടിലുണ്ടാകണമെന്നാണ് സങ്കൽപ്പമെങ്കിലും ഏകദേശം 26 ശതമാനം വനങ്ങൾ മാത്രമാണ് കേരളത്തിൽ അവശേഷിച്ചിട്ടുള്ളത്. ദേശീയ ശരാശരിയനുസരിച്ചാണെങ്കിൽപ്പോലും 35 ശതമാനം വനം അനിവാര്യമാണ്. അങ്ങനെ വരുന്ന സാഹചര്യത്തിൽ വനഭൂമിയുടെ അളവ് വർദ്ധിപ്പിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കേണ്ട ഒരു ഘട്ടത്തിലാണ് വനേതര പ്രദേശത്താണെങ്കിൽപ്പോലും കൂടുതൽ മരങ്ങൾ വച്ചുപിടിപ്പിക്കാൻ സൃഷ്ടിപരമായ ഒരു ബില്ലുമായി ഗവണ്മെന്റ് മുന്നോട്ടുവന്നിരിക്കുന്നത്. ഞാനതിനെ സ്വാഗതം ചെയ്യുകയാണ്. ഇതിന്റെ പീഠികയിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. ഭൂമിയിലെ ജലം ധാരാളമായി വലിച്ചെടുത്ത് ഭൂമിയെ ഊഷരമാക്കുന്ന ഗ്രാന്റീസ്, അക്കേഷ്യ തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കാതിരിക്കാനുള്ള ഒരു വ്യവസ്ഥ പീഠികയിൽ ഉൾപ്പെടുത്തണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. പീഠികയിൽ പല കാര്യങ്ങൾ പറയുന്നുണ്ട്. നദികളുടെയും തടാകങ്ങളുടെയും കുളങ്ങളുടെയും കനാലുകളുടെയും വൃഷ്ടിപ്രദേശങ്ങളിൽ മണ്ണൊലിപ്പും വെള്ളമൊഴുകി പാറ വെളിപ്പെടുന്നതും തടയുന്നതിന് വെള്ളപ്പൊക്കത്തിന്റെയും വരൾച്ചയുടെയും തീവ്രത കുറയ്ക്കുന്നതിനുമായി പുതിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് ആവശ്യമായിരിക്കുന്നതിനാലും; എന്നു തുടങ്ങിയിട്ട് പല കാര്യങ്ങളും പറയുന്നുണ്ട്. ഞാനിത് ചൂണ്ടിക്കാണിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം ഇടുക്കിയിലെ വട്ടവട, മറയൂർ, കാന്തല്ലൂർ തുടങ്ങിയ പ്രദേശങ്ങളിലൊക്കെ മറ്റുള്ള പ്രദേശത്തുനിന്നും ആളുകൾ കടന്നുവന്ന് ഗ്രാന്റീസ് എന്നു പറയുന്ന ഏറ്റവും കൂടുതൽ വെള്ളം വലിച്ചെടുക്കുന്ന ധാരാളം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതുമൂലം ആ പ്രദേശമൊക്കെ ഊഷരഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ് എന്നുള്ളതുകൊണ്ടാണ്.

ശ്രീ. എ. കെ. മണി: ഗ്രാന്റീസ് എന്ന മരം ഇന്ത്യയിലുള്ളതല്ല. ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ കൊണ്ടുവന്നതാണ്. ചതുപ്പുനിലങ്ങളിലെ ജലം വലിച്ചെടുക്കാൻവേണ്ടി കൊണ്ടുവന്നതാണ്. ശ്രീ. പി. ടി. തോമസ് ഉന്നയിച്ചതുപോലെ ഗ്രാന്റീസ് മരങ്ങൾ എന്റെ മണ്ഡലത്തിലാണ് കൂടുതലായി കാണപ്പെടുന്നത്. വട്ടവട, കാന്തല്ലൂർ, മറയൂർ, മൂന്നാർ പോലുള്ള മേഖലകളിലാണ് ഏറ്റവും കൂടുതൽ ഗ്രാന്റീസ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നത്. ഭൂമിയിൽനിന്ന് ഗ്യാലൻകണക്കിന് വെള്ളം ഈ മരങ്ങൾ വലിച്ചെടുക്കുകയാണ്. വനം വകുപ്പുതന്നെ അത് നട്ടുപിടിപ്പിക്കുന്ന പ്രവണതയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ സമ്പ്രദായം നിരോധിക്കാനുള്ള നടപടി ഉണ്ടാകണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട ദേവികുളം മെമ്പറായ ശ്രീ. എ. കെ. മണി പറഞ്ഞ വികാരം 100 ശതമാനം ഞാൻ ഉൾക്കൊള്ളുകയാണ്. വനേതരഭൂമിയിൽ വൃക്ഷം നട്ടുപിടിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ബില്ലിന്റെ പരിധികയിൽ ഇങ്ങനെ ധാരാളമായി ഭൂമിയിലെ വെള്ളം വലിച്ചെടുക്കുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് തടയുന്നതിനെ സംബന്ധിച്ചുള്ള ഒരു പരാമർശനംകൂടി ഉൾപ്പെടുത്തണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മറ്റൊരു പ്രധാന കാര്യം, കേരളത്തിന്റെ വനവുമായി ബന്ധപ്പെട്ട പ്രദേശങ്ങളുടെ നാശത്തിന്, ഒരു വലിയ സംഭാവന അന്തരിച്ച സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരളത്തിലെ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ ചെയ്തു എന്നത് നിർഭാഗ്യകരമായ ചരിത്രമാണ്. കോഴിക്കോട് ബിർലയുടെ ഫാക്ടറിക്ക് ഒരു രൂപയ്ക്ക് ഒരു ടൺ മുള കൊടുക്കാമെന്നുണ്ടാക്കിയ കരാർ നമ്മുടെ മുളകളെല്ലാം നശിക്കാനും അരുമുഖേന നമ്മുടെ വനമേഖലയിൽ വലിയ ഒരു അപകടകരമായ സാധ്യതയ്ക്കും വഴിയൊരുക്കി. എന്നാൽ ഇന്ന് അതിൽനിന്നൊക്കെ വ്യത്യസ്തമായി നാട്ടിൻപുറങ്ങളിലും നഗരപ്രദേശങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള വലിയൊരു ശ്രമമാണ് ഈ ബില്ലിലൂടെ മുന്നോട്ടുകൊണ്ടുവന്നിരിക്കുന്നത്. പഴയ രാജാക്കന്മാരെ ഇന്നും ജനങ്ങൾ ഓർമ്മിക്കുന്നതിന്റെ പ്രധാനപ്പെട്ട ഒരു കാര്യം ഇങ്ങനെ തണൽവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചതാണ്. പാഠപുസ്തകങ്ങളിലൊക്കെ നാട്ടുരാജാക്കന്മാരെപ്പറ്റി പരാമർശിക്കുമ്പോൾ അവർ തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചു എന്നത് പ്രധാനപ്പെട്ട ഒരു കാര്യമായി പറയും. ആ കാലഘട്ടത്തിൽ അതൊരു പ്രധാനപ്പെട്ട കാര്യമായിരുന്നുവെങ്കിലും ഇന്ന് അതിനേക്കാൾ പ്രാധാന്യമുള്ള ഒരു കാലഘട്ടമാണ്. "മരം ഒരു വരം" എന്ന മുദ്രാവാക്യം വ്യാപകമായി നാം പ്രചരിപ്പിക്കേണ്ടതായിട്ടുണ്ട്. നഴ്സറികളൊക്കെ സമാഹരിക്കുന്നതിനും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകാനും പല നടപടികളും ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ വൃക്ഷം വച്ചുപിടിപ്പിക്കൽ ജനമുന്നേറ്റമായി മാറ്റിയെടുക്കാൻ കഴിയണം. സ്കൂൾ കുട്ടികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും തൊഴിലാളികൾക്കും കൃഷിക്കാർക്കും എല്ലാം പ്രോൽസാഹനം നൽകി വനേതരഭൂമിയിൽ മരം വച്ചുപിടിപ്പിക്കാനുള്ള ഒരു പദ്ധതിക്ക് വലിയ പ്രചരണം നൽകണം. അതിനു സഹായം നൽകുമെന്നൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികമായുള്ള സഹായം ഉൾപ്പെടെ, വേണ്ടിവന്നാൽ ആവശ്യമായ ലോണുകൾ സംഘടിപ്പിച്ചുകൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് കൂടിയാലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ നിർവ്വചനത്തിൽ "വനേതര ഭൂമി" എന്നതിൽ എല്ലാ സർക്കാർ ഭൂമിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ളതോ കൈമാറ്റമായി കിട്ടിയിട്ടുള്ളതോ വിലയ്ക്കു വാങ്ങിയിട്ടുള്ളതോ ആയ ഭൂമിയും ഉൾപ്പെടുന്നതും, എന്നാൽ ഇതിൽ കാർഡമം ഹിൽ റിസർവ്വ് ഭൂമി; തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതോ, പ്രഖ്യാപിച്ചിട്ടുള്ളതായി കരുതപ്പെടുന്നതോ ആയ ഭൂമി അല്ലെങ്കിൽ പട്ടികവർഗ്ഗത്തിലുള്ളവർക്ക് നൽകി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള മറ്റേതെങ്കിലും വനഭൂമിയോ അല്ലെങ്കിൽ ഭൂമിയോ, നെൽപ്പാടങ്ങൾ എന്നിവ ഉൾപ്പെടാത്തതുമാകുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഇതിൽ 'പട്ടികവർഗ്ഗത്തിലുള്ളവർക്ക് നൽകിയിട്ടുള്ള മറ്റേതെങ്കിലും വനഭൂമിയോ' എന്നത് ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമിയെ സംബന്ധിച്ചാണ് സൂചിപ്പിക്കുന്നതെങ്കിലും ആ ഭൂമിയിലും മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള അവസരം ഉണ്ടാകണം. അതുപോലെതന്നെ ഈ ആക്റ്റിന്റെ കീഴിൽ ഉണ്ടാക്കിയിരിക്കുന്ന ചട്ടങ്ങളിൽ പ്രബലമായ ഒരു സംശയം ഞാൻ ഉന്നയിക്കുകയാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനേതര ഭൂമിയിൽ മരം വച്ചുപിടിപ്പിച്ചാൽ ആ മരം വെട്ടിയെടുക്കാൻ ഫോറസ്റ്റ് റേഞ്ച് ഓഫീസർമാരുടെ മുമ്പിൽ ഒരു പ്രതിജ്ഞ അല്ലെങ്കിൽ പ്രസ്താവന കൊടുക്കണമെന്നുണ്ട്. അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത തള്ളിക്കളയാൻ പാടില്ല. കാരണം ഇപ്പോൾത്തന്നെ വ്യാപകമായി അവരവരുടെ ഉടമസ്ഥതയിലുള്ള പട്ടയം ഉള്ള സ്ഥലങ്ങളിൽ, ഉടമസ്ഥാവകാശം ഉള്ള സ്ഥലങ്ങളിൽ ധാരാളം കൃഷിക്കാർ മരങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. അത് ഒരു തപസ്യയായി എടുക്കുന്ന ധാരാളം ആളുകളുണ്ട്. അതൊരു തപസ്യയായി എടുക്കുമ്പോൾ, ആ മരം മുറിച്ചുമാറ്റേണ്ട ഘട്ടത്തിൽ വനം വകുപ്പിന്റെ കർത്തവ്യങ്ങളെയും ഉടമസ്ഥർ വൃക്ഷങ്ങൾ മുറിക്കുന്നതിനെയും നീക്കം ചെയ്യുന്നതിനെയും സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അങ്ങനെ പറയുമ്പോൾ അതിനകത്ത് ചൂണ്ടിക്കാണിച്ച ഒരു കാര്യം.....

ശ്രീ. സി. എം. ജോർജ്ജ് : നിശ്ചയിച്ച സമയത്തിന് ബി.എ.സി. കൂടാൻ കഴിഞ്ഞില്ല. പ്രതിപക്ഷം സഭ ബഹിഷ്കരിക്കുന്നതിനാൽ അവർ ആവശ്യപ്പെട്ടതുകൊണ്ട് അത് നാളത്തേക്ക് മാറ്റി. ഇവിടെ വന്ന ബില്ലുകൾ എല്ലാം ഷെഡ്യൂൾ ചെയ്തതാണ്. നിയമസഭയുടെ കീഴ്വഴക്കം ലെജിസ്ലേറ്റീവ് ബിസിനസ്സ് 1.30-ന് പിരിയുക എന്നുള്ളതാണ്. സഭയുടെ ഒരു കൺസെൻസസ് എടുക്കുന്നില്ല. ലെജിസ്ലേറ്റീവ് ബിസിനസ് 1.30-നുശേഷം തുടരണമോയെന്ന് തീരുമാനിക്കാതെ ഇങ്ങനെ ചട്ടവിരുദ്ധമായി പോകരുത്. ഞാൻ അങ്ങേക്ക് ഒരു കുറിപ്പ് തന്നു. വിഷയം ഇവിടെ പറയുന്നില്ല. നാളെ ഇത് പാസ്സാക്കിക്കൊടുക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടില്ല. നാളെ അരമണിക്കൂറിനകം പാസ്സാക്കിക്കൊടുക്കാം.

മി. ചെയർമാൻ : താങ്കളുടെ കത്ത് ബഹുമാനപ്പെട്ട സ്പീക്കർക്ക് കൊടുത്തിട്ടുണ്ട്. അദ്ദേഹത്തിന്റെ തീരുമാനം അറിഞ്ഞിട്ട് അതിനെപ്പറ്റി പറയാം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: ഇന്ന് സഭയിൽ ഇത്രയും ബില്ലുകൾ ടേബിൾ ചെയ്തിട്ട് ഒരു ബില്ലെങ്കിലും സബ്ജക്ട് കമ്മിറ്റിക്ക് പോയില്ലെങ്കിൽ ബുദ്ധിമുട്ടാണ്.

മി. ചെയർമാൻ: സ്പീക്കറുടെ മറുപടി കിട്ടിയാൽ അതനുസരിച്ചുള്ള തീരുമാനവുമായി മുന്നോട്ടുപോകാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സഭയുടെ ഒരു കൺസെൻസസ് മനസ്സിലാക്കി ഞാൻ എന്റെ പ്രസംഗം വേഗം തീർക്കാം. ഉടമസ്ഥർക്ക് മരങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അവകാശം കൊടുക്കുന്നത് 6-ാം വകുപ്പ് അനുസരിച്ചാണ്. അതിൽ പറഞ്ഞിരിക്കുന്നത് "ഉടമസ്ഥർക്ക് വൃക്ഷങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള അവകാശം– തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, വനേതര ഭൂമിയുടെ ഓരോ ഉടമസ്ഥനും അയാളുടെ ഭൂമിയിൽ നിൽക്കുന്ന ചന്ദനമരം ഒഴികെയുള്ള ഏതൊരു മരവും മുറിക്കുന്നതിനും കടത്തിക്കൊണ്ടുപോകുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്" എന്നാണ്. അതുപോലെതന്നെ അതിന്റെ സബ്സെക്ഷൻ "(2) (1)-ാം ഉപവകുപ്പിൻ കീഴിൽ ഫയൽ ചെയ്തിട്ടുള്ള ഓരോ പ്രതിജ്ഞാപത്രത്തിനും ഉടൻതന്നെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ വകർപ്പ് തടി കടത്തിക്കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്" എന്ന് പറഞ്ഞിരിക്കുന്നു. ഇത് യഥാർത്ഥത്തിൽ ഉടമസ്ഥാവകാശമുള്ള പാവപ്പെട്ട കൃഷിക്കാരെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നതിനും ദുരുപയോഗം ചെയ്യാനും ഇടയുള്ളതാണെന്ന് ഞാൻ സംശയിക്കുന്നു. അതുപോലെതന്നെ സ്വകാര്യഭൂമിയിൽ മരം വെട്ടുന്നതിന് ഇപ്പോൾ യാതൊരു നിബന്ധനയുമില്ല. ഉദാഹരണത്തിന് എന്റെ പറമ്പിൽ ഒരു പ്ലാവ് നിൽക്കുന്നെങ്കിൽ എനിക്ക് ഫോറസ്റ്റ് ഓഫീസിൽ പോകേണ്ട കാര്യമില്ല. വനത്തിന്റെ അതിർത്തിയിലാണെങ്കിൽ പോയാൽ മതി.

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞുവരുന്നത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെയൊക്കെ പുരയിടങ്ങളിൽ നിൽക്കുന്ന ഒരു തടി വെട്ടണമെങ്കിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ സമീപിച്ച് പാസ് വാങ്ങുന്നതിന്റെ ബുദ്ധിമുട്ട് നമുക്കെല്ലാവർക്കുമറിയാം. അങ്ങനെയുള്ള സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണം നടത്തുമ്പോൾ മതിയായ ചർച്ചയോടുകൂടിയേ അത് പാസ്സാക്കാവൂ. അത് മാത്രമല്ല, അങ്ങനെയൊരു നിയമനിർമ്മാണം നടത്തുമ്പോൾ അങ്ങിവിടെ ഉന്നയിച്ച ഈ ബുദ്ധിമുട്ട് യഥാർത്ഥ ബുദ്ധിമുട്ടായി പരിഗണിച്ച് ഗൗരവത്തോടുകൂടി നടത്താൻ നടപടി സ്വീകരിക്കേണ്ടതല്ലേ?

ശ്രീ. പി. ടി. തോമസ് : ഞാൻ ഇവിടെ ഒരു സംശയം പ്രകടിപ്പിച്ചുവെന്നേയുള്ളൂ. പേജ് മൂന്നിൽ "വിനിർദ്ദേശിക്കപ്പെട്ട വൃക്ഷം" എന്നതിൽ വ്യക്തമായി കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത ഞാൻ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. അതോടൊപ്പംതന്നെ മറ്റൊരു കാര്യം, ഈയടുത്തകാലത്ത് വനം വകുപ്പും സർക്കാരുമായി ചേർന്ന് ചന്ദനസംരക്ഷണജാഥ നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്തുനിന്നാരംഭിച്ച ചന്ദന സംരക്ഷണ ജാഥ കേരളത്തിലെ എല്ലാ താലൂക്കുകളിലും പ്രധാനപ്പെട്ട പട്ടണങ്ങളിലും ചുറ്റിസഞ്ചരിച്ച് മറയൂരിൽ സമാപിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും, വനം വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അടക്കം പങ്കെടുത്തു. ഏറ്റവും കൂടുതൽ ചന്ദനമരങ്ങൾ ഉള്ള ഇൻഡ്യയിലെ ഒരു ഭൂപ്രദേശമെന്നനിലയിൽ മറയൂരിൽ ചന്ദനം സംരക്ഷിക്കേണ്ടതിനെ സംബന്ധിച്ച് പൊതുജനാഭിപ്രായം സംഘടിപ്പിക്കാനും സാധിച്ചു.

മി. ചെയർമാൻ : ബില്ലിന്റെ കാര്യത്തിൽ നിയമത്തിന്റെ പരിമിതികൾ ഉണ്ടെങ്കിൽ സ്വയം നിയന്ത്രിക്കണം.

ശ്രീ. പി. ടി. തോമസ്: ചന്ദനം അടക്കം ഉള്ള വൃക്ഷങ്ങൾ വ്യാപകമായി വനത്തിനു വെളിയിലും കൃഷിസ്ഥലത്തുമൊക്കെ നട്ടുപിടിപ്പിക്കുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും പ്രഖ്യാപനം നടത്തിയിട്ടുണ്ട് ഈ നിയമത്തിൽ ചന്ദനം വെട്ടാനുള്ള അനുമതി നൽകിയിട്ടില്ല. അത് നല്ല കാര്യമല്ലേ? ചന്ദനവും ഈട്ടിയും തേക്കുമടക്കമുള്ള വിലകൂടിയ മരങ്ങൾ വ്യാപകമായി വച്ചുപിടിപ്പിക്കാനുള്ള സംരംഭത്തെ പിൻതുണയ്ക്കുന്നു. അതോടൊപ്പം നമ്മുടെ നാട്ടിൽ വനം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള ബോധവൽക്കരണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കും ഇതിനകത്ത് ചില വകുപ്പുകൾ എഴുതിച്ചേർക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രധാനമായി ചുണ്ടിക്കാണിക്കാനുള്ളത്, സ്കൂളുകളിലും, കോളേജുകളിലും, അതുപോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി വനം വച്ചുപിടിപ്പിക്കുന്നതിന് ഈ നിയമത്തിൽ ശക്തമായ നടപടിയുണ്ടാവണം. വളർന്നുവരുന്ന കുട്ടികളെ സംബന്ധിച്ച് മരം എന്താണെന്നുപോലും അറിയില്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. പാഠപുസ്തകങ്ങളിലൊക്കെ കാണുന്നതേയുള്ളൂ. പട്ടണത്തിൽ മരങ്ങൾ കുറഞ്ഞിരിക്കുന്നു. അതുകൊണ്ട് മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് ഒരു കർത്തവ്യമായി ഉൾപ്പെടുത്തി ഒരു പാഠ്യവിഷയമാക്കുന്നത് നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. 8-ാം വകുപ്പിൽ "കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ (1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത്, കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ കാര്യങ്ങൾ നടത്തുന്നതിനുവേണ്ടി കമ്പനിയുടെ ചാർജ് വഹിച്ചിരിക്കുകയും കമ്പനിയോട് ഉത്തരവാദിത്വപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള ഏതൊരാളും ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അയാൾക്കെതിരായി നടപടികൾ എടുക്കാനും അതനുസരിച്ച് ശിക്ഷിക്കപ്പെടാനും അയാൾ വിധേയനായിരിക്കുന്നതുമാണ്" എന്നാണ് പറഞ്ഞിരിക്കുന്നത്. "എന്നാൽ, ഈ വകുപ്പിലെ യാതൊന്നുംതന്നെ കുറ്റം ചെയ്തത് തന്റെ

LIBRARY ARCHIVES Kerala Legislative Assembly

അറിവോടുകൂടിയായിരുന്നില്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ വേണ്ട എല്ലാ ശ്രദ്ധയും താൻ ചെലുത്തിയിരുന്നു എന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ യാതൊരാളെയും ശിക്ഷയ്ക്ക് വിധേയനാക്കുന്നതല്ല" എന്നും പറഞ്ഞിട്ടുണ്ട്. ഇത് കുറേക്കൂടി ഫലപ്രദമാക്കണം. ഉദാഹരണമായി, ടാറ്റാ ടീയുടെ കൈയിലിരിക്കുന്ന സ്ഥലം, മലയാളം പ്ലാന്റേഷന്റെ കൈയിലിരിക്കുന്ന സ്ഥലം, അങ്ങനെ നമ്മുടെ നാട്ടിലെ വലിയ വലിയ എസ്റ്റേറ്റുകൾ ഉണ്ട്. അതിന്റെ ഉടമ മനഃപൂർവ്വം ഒന്നു കണ്ണടച്ചാൽ കോടിക്കണക്കിന് രൂപ വിലമതിക്കുന്ന മരങ്ങൾ നാളെ വെട്ടിക്കൊണ്ടുപോകുന്ന സാഹചര്യം ഉണ്ടാവും. ഇത്രയും നിസ്സാരമായ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിയുന്ന ഒരു വകുപ്പാണെങ്കിൽ നാളെ വ്യാപകമായി മരം കടത്തിക്കൊണ്ടുപോകുന്നതിനുള്ള സാധ്യത വളരെ കൂടുതലാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുറഞ്ചൂർ രാധാകൃഷ്ണൻ*) : ബഹുമാനപ്പെട്ട പി.ടി. തോമസ് പറഞ്ഞതിൽ ഒരു തെറ്റിദ്ധാരണ മാറ്റുന്നതിനുവേണ്ടി പറയുകയാണ്. ഈ ബിൽ വനത്തിനു പുറത്തുള്ള, വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെപ്പറ്റിയുള്ളതാണ്. പക്ഷേ ആ വൃക്ഷത്തെ സംബന്ധിച്ച് നിലവിലുള്ള ടെറിട്ടോറിയൽ ജൂറിസ്ഡിക്ഷനിലുള്ള സ്ഥലങ്ങളിലുള്ള നിയമങ്ങൾ എല്ലാത്തിനും ഒരുപോലെതന്നെ. വനേതര പ്രദേശങ്ങളിൽ ധാരാളമായി വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക എന്നതാണ് കേരളത്തിന്റെ ആവശ്യം. അതുകൊണ്ട് കൺഫ്യൂസ് ചെയ്ത് പോകേണ്ട, ഇതിൽ പറഞ്ഞിരിക്കുന്നത് വനത്തിനുപുറത്തുള്ള കാര്യങ്ങളാണ്. അതാണ് ബഹുമാനപ്പെട്ട മാണി സാർ ഇവിടെ അവതരിപ്പിച്ച ബില്ലിന്റെ ഉന്നം. അതിനകത്തെ നിയമങ്ങൾ നേരത്തെ പറഞ്ഞതുപോലെതന്നെ. ഇവിടെ മരങ്ങൾ ഇടതിങ്ങിവളരുന്ന പ്രദേശങ്ങൾ വനപ്രദേശമാകുമെന്ന് ലേറ്റസ്റ്റ് ആയിട്ടുള്ള സുപ്രീംകോടതി വിധിയുണ്ട്. അതുകൊണ്ട് വനവൽക്കരണത്തെ ഇത് വളരെയധികം സഹായിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. വി. ഡി. സതീശൻ : ക്ലാസ് B-ൽ അങ്ങ് പറയുന്ന കമ്പനികൾ ചെയ്യുന്ന കുറ്റങ്ങളുടെ ഒരു പ്രൊവൈസോ പറഞ്ഞിട്ടുണ്ട്. അതിൽ ഈ വകുപ്പിലെ യാതൊന്നും തന്നെ കുറ്റം ചെയ്യുന്ന ആളുടെ അറിവോടുകൂടിയല്ല എന്നു തുടങ്ങുന്ന ഭാഗം ക്രിമിനൽ ലായുടെ അടിസ്ഥാന പ്രമാണത്തിന് എതിരല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മെമ്പർ, പരിണതപ്രജ്ഞനായ നിയമ വകുപ്പുമന്ത്രി അവതരിപ്പിക്കുന്ന ബിൽ എന്ന നിലയിൽ അതിൽ വീഴ്ചകൾ ഉണ്ടാകാതിരിക്കാൻവേണ്ടി ഒരു സംശയം ഉന്നയിച്ചെന്നേയുള്ളു. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ അദ്ദേഹത്തിനറിയാം. മറ്റൊരുകാര്യം, കമ്പനിയെന്ന 8-ാം വകുപ്പ് കൂടെക്കൂടി പഠിച്ച് വിലയിരുത്തണം. പ്രത്യേകിച്ച് സെലക്ട് കമ്മിറ്റിക്കയയ്ക്കുമെങ്കിൽ അവിടെവച്ച് ആ കാര്യം ചെയ്യാൻ കഴിയും. മറ്റൊന്ന് 9-ാം വകുപ്പ് — കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന തടിയും മറ്റു വസ്തുക്കളും പിടിച്ചെടുക്കാനുള്ള അധികാരത്തെക്കുറിച്ച് പറയുന്നതാണ്. അതിൽ—"(1) വനം വകുപ്പിലെ ഫോറസ്റ്ററുടെ പദവിക്കു താഴെയല്ലാത്ത ഏതെങ്കിലും ഉദ്യോഗസ്ഥന് 6-ാം വകുപ്പ് ലംഘിച്ചുകൊണ്ട് ഏതെങ്കിലും തടി കടത്തിക്കൊണ്ടുപോയെന്ന് വിശ്വസിക്കാൻ കാരണമുള്ളിടത്ത്, അദ്ദേഹത്തിന് ആ തടി അങ്ങനെയുള്ള കുറ്റം ചെയ്യുന്നതിനുവേണ്ടി ഉപയോഗിച്ച എല്ലാ പണിയായുധങ്ങളും കയറുകളും ചങ്ങലകളും മറ്റു വസ്തുക്കളും, അങ്ങനെയുള്ള തടി വഹിച്ചുകൊണ്ടുപോകുന്നതിന് ഉപയോഗിച്ച എല്ലാ വാഹനങ്ങളോ ബോട്ടുകളോ മൃഗങ്ങളോ സഹിതം പിടിച്ചെടുക്കാവുന്നതാണ്" എന്നും അതിന്റെ വിശദീകരണത്തിൽ "ഈ വകുപ്പിലും 10-ാം വകുപ്പിലും 11-ാം വകുപ്പിലുമുള്ള 'വാഹനം', 'ബോട്ട്' എന്നീ പദങ്ങളിൽ, അതതു സംഗതിപോലെ, വാഹനത്തിലോ ബോട്ടിലോ സൂക്ഷിച്ചിട്ടുള്ള, അതിൽ ഉറപ്പിച്ചിരുന്നാലും ഇല്ലെങ്കിലും എല്ലാ വസ്തുക്കളും യന്ത്രങ്ങളും ഉൾപ്പെടുന്നതാണ്" എന്നും പറഞ്ഞിരിക്കുന്നു. ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥൻ ഫോറസ്റ്ററല്ല. അതുകൊണ്ട് ഇവിടെ ഫോറസ്റ്റ് ഉദ്യോഗസ്ഥനെന്ന് ആക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സാധാരണഗതിയിൽ വനം വകുപ്പിലെ പല കുറ്റങ്ങളും കണ്ടുപിടിക്കുന്നത് ഫോറസ്റ്റ് ഗാർഡുകളാണ്. ഫോറസ്റ്റ് ഗാർഡുമാരുടെ ബീറ്റ് നടക്കുമ്പോഴാണ് അവർ ഇതെല്ലാം കണ്ടുപിടിക്കുന്നത്. ആ സമയത്ത് പലപ്പോഴും ഫോറസ്റ്റർ അവരുടെകൂടെയുണ്ടാകില്ല. ഫോറസ്റ്റർകൂടെയില്ലെങ്കിൽ ഒരു ഗാർഡ് തടഞ്ഞുവയ്ക്കുന്ന തടി കടത്തിക്കൊണ്ടുപോകാം എന്ന് അർത്ഥം വരുന്ന രീതിയിലാണ് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിനകത്തുള്ള വിശദീകരണത്തിലും പറയുന്നുണ്ട്. 10-ാം വകുപ്പിലും 11-ാം വകുപ്പിലും വാഹനം, ബോട്ട് എന്നൊക്കെ പറയുന്നുണ്ടെങ്കിലും ഒരു ഫോറസ്റ്റർ എന്നതിനു പകരം ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥൻ എന്നാക്കി അത് മാറ്റിയെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് ഇങ്ങനെയുള്ള കുറ്റം ചെയ്യുന്ന ഒരാളിന്, ഇതിൽ ശിക്ഷിക്കപ്പെടുന്ന ഒരാൾക്ക് പരിഗണിക്കയായി വരുന്നത് 2000 രൂപയാണ്. ഒരു പ്രധാനപ്പെട്ട തടി കടത്തിക്കൊണ്ടുപോയാൽ പതിനായിരമോ ഇരുപതിനായിരമോ രൂപ കിട്ടുമെങ്കിൽ 2000 രൂപ അടയ്ക്കാൻ യാതൊരു മടിയും അയാൾക്കുണ്ടാകില്ല. അതുകൊണ്ട് അതിൽ കുറ്റം തെളിയുന്ന സാഹചര്യത്തിൽ 2000 രൂപവരെയുള്ള ശിക്ഷയെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കണം. നിർബന്ധമായും അത് 25,000 രൂപയെങ്കിലും ആക്കണം. കാരണം, നല്ല തേക്കിൻതടിയോ ഈട്ടിത്തടിയോ ആണെങ്കിൽ ലക്ഷങ്ങൾ വിലമതിക്കുന്നതാണ്. ആ തടിക്ക് എന്തു വിലയുണ്ടോ അതിന്റെ രണ്ടോ മൂന്നോ ഇരട്ടി വിലയിടാനുള്ള ഒരു നിയമം വേണം. യഥാർത്ഥത്തിൽ കണ്ടുപിടിക്കപ്പെടുന്ന തടിക്ക് രണ്ടോ മൂന്നോ ഇരട്ടി വില നിശ്ചയിക്കാനുള്ള ഒരു നടപടിയുംകൂടി ഇക്കാര്യത്തിലുണ്ടാകണം. ഇതാണ് സാമാന്യമായി എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെതന്നെ ഈ ബില്ലിന്റെ ഉദ്ദേശകാര്യവിവരങ്ങളെ സംബന്ധിച്ച് പറയുന്നത് ഞാൻ ആദ്യം ചൂണ്ടിക്കാണിച്ചതാണ്. പീഠികയിൽ പറയുന്നതുപോലെതന്നെ നമ്മുടെ വനഭൂമിയുടെ അളവ് കുറഞ്ഞുവരുന്നതും നാട്ടിൻപുറത്ത് വൃക്ഷങ്ങൾ കുറഞ്ഞുവരുന്നതുമായ പ്രധാനപ്പെട്ട കാര്യങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്. അതുപോലെ ഞാനൊരു കാര്യം അടിവരയിട്ടു പറയാൻ ആഗ്രഹിക്കുന്നു. അനാവശ്യമായി ജലം വലിച്ചെടുക്കുന്ന വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് പ്രത്യേകിച്ച് ഇടുക്കിയുടെ കാലാവസ്ഥയെത്തന്നെ തകർത്തുകളഞ്ഞിരിക്കുകയാണ്. ഇടുക്കിയിലെ ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ കരുണാപുരം പഞ്ചായത്തിൽ മഴക്കാലത്തുപോലും മഴകിട്ടാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അങ്ങനെയൊക്കെയുള്ള സാഹചര്യത്തിൽ അതിനനുസരണമായി ഈ ബില്ലിൽ ആവശ്യമായ മുൻകരുതൽകൂടി ഉൾപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ്: സർ, അങ്ങ് ചെയറിൽ ഇല്ലാതിരുന്ന സമയത്ത് ഞാനൊരു കാര്യം raise ചെയ്തു. നിലവിലുള്ള ചട്ടവും നിയമവും അനുസരിച്ച് സഭ ഇന്നുരാവിലെ 8.30 മുതൽ 1.30 വരെയാണ് കൂടേണ്ടത്. സമയം നീട്ടാനുള്ള അധികാരം തീർച്ചയായും സഭയ്ക്കുണ്ട്. അത് സഭയുടെ consensus എടുത്തിട്ടു വേണം. അതല്ലാതെ യാതൊരു ചട്ടവും നിയന്ത്രണവുമില്ലാതെ കൂട്ടുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ ഇത്ര മണിവരെ എന്നു പറയണം. അല്ലെങ്കിൽ അതിനെക്കുറിച്ച് സഭയുടെ ഒരു consensus എടുത്തിട്ട് മാത്രമേ പ്രൊസീഡ് ചെയ്യാവൂ.

മി. സ്പീക്കർ: ചട്ടപ്രകാരമാണെങ്കിൽ ഒരു മണിക്കൂർ question time, അതുകഴിഞ്ഞ് മറ്റുള്ളവയാണ്. ഇന്ന് സമയം വളരെ വൈകി. എല്ലാവർക്കും കാരണങ്ങളറിയാം. വളരെ ലിബറലായി, ആദ്യത്തെ ദിവസമാണ്, sensitive issues ഉണ്ട്. ഭരണപക്ഷവും പ്രതിപക്ഷവുമൊക്കെ പ്രസംഗിച്ചു. പക്ഷേ, ഇത് ലെജിസ്ലേഷനുവേണ്ടിയുള്ള ഒരു സെഷനാണ്, ലെജിസ്ലേഷനുണ്ടാകണം. നാലെണ്ണം ഇന്നത്തേക്കും നാളത്തേക്കും വേണ്ടി വച്ചിട്ടുണ്ട്. ചുരുങ്ങിയത് രണ്ട് ലെജിസ്ലേഷനെങ്കിലും നടക്കണം. സാധാരണ നമ്മൾ ഇരിക്കാറുണ്ട്. രണ്ടരമണിവരെ നടപടികൾ വേണ്ടിവന്നാൽ തുടരാനുള്ള ഒരു അഭിപ്രായത്തിന്റെ, ഒരു consensus-ന്റെ അടിസ്ഥാനത്തിൽ.....

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി)*: സർ, ഈ ബിൽ ഏതായാലും സബ്ജക്ട് കമ്മിറ്റിക്ക് വിടുക എന്നുള്ളത് തീരുമാനിക്കുക. എന്നിട്ട് കഴിയുമെങ്കിൽ രണ്ടര മണിക്ക് തീരുമാനിക്കുക, അങ്ങനെയാണ് ചെയ്യേണ്ടത്. അല്ലാതെ അത് തീരാതെ 2.30-ന് ഇത് പിരിഞ്ഞിട്ട് കാര്യമില്ല.

മി. സ്പീക്കർ: എല്ലാവരും ഒന്ന് സഹകരിച്ചാൽ മതി.

ശ്രീ. എം. എം. ഹസ്സൻ: സർ, നാല് ബിൽ എന്ന് ലിസ്റ്റ് ചെയ്തിട്ടുള്ളതാണ്. യഥാർത്ഥത്തിൽ zero hour ആണ് ഇത്രയും സമയം അപഹരിച്ചത്. പ്രതിപക്ഷത്തുള്ള ആളുകളാണ് zero hour എറ്റവും കൂടുതൽ പ്രയോജനപ്പെടുത്തിയത്. രണ്ടെണ്ണമെങ്കിലും ഇന്ന് എടുക്കണമെന്നുള്ളതാണ് ഉദ്ദേശം.

മി. സ്പീക്കർ: ഞാനും അതാണ് പറഞ്ഞത്. In the fairness of things, രണ്ടെണ്ണമെങ്കിലും തീർക്കണം. അടുത്തത് വളരെ ചെറുതാണ്; സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കേണ്ടതാണ്.

ശ്രീ. ടി. എം. ജേക്കബ്: അങ്ങനെയാണെങ്കിൽ സമയം എത്രയാണ്?

മി. സ്പീക്കർ: രണ്ട് ബിൽ എടുക്കണം. എല്ലാവരും സഹകരിച്ചാൽ രണ്ടര മണിയാകുമ്പോൾ തീർക്കാം.

ശ്രീ. ടി. എം. ജേക്കബ്: ഇപ്പോൾ അങ്ങ് പറഞ്ഞ ഈ കാര്യത്തിൽ സഭയുടെ consensus ആണ് ചോദിക്കുന്നത്. രണ്ടര മണിവരെ എന്നാണ് തീരുമാനിക്കുന്നതെങ്കിൽ അതിന്, I demand a poll. അത് എനിക്ക് അവകാശമുള്ളതാണ്.

മി. സ്പീക്കർ: പോൾ ഒക്കെ ചോദിക്കാം. അതായത് ലെജിസ്ലേഷനുവേണ്ടി പ്രത്യേകം കൂടിയ ഒരു സഭയാണിത്. നാലെണ്ണം വച്ചിരുന്നു. ചുരുങ്ങിയത് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അല്ലെങ്കിൽ സെലക്ട് കമ്മിറ്റിക്ക് വിടുകയെങ്കിലും ചെയ്യണം. മറ്റേത് വെറുമൊരു വകുപ്പുള്ളതാണ്, ഈ രണ്ട് നിയമനിർമ്മാണ നടപടികളെങ്കിലും ഇന്ന് തീർക്കേണ്ടതാണ്. ഈ രണ്ട് നിയമങ്ങളുടെയും നടപടിക്രമങ്ങൾ കഴിയുന്നതുവരെ സഭ തുടർന്നു നടത്തണമെന്ന അഭിപ്രായത്തെപ്പറ്റി പോൾ ആവശ്യപ്പെടുകയാണെങ്കിൽ നടത്താം. ഇപ്പോൾ നമ്മൾ ചർച്ചചെയ്യുന്ന ബില്ലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ.....

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, അങ്ങ് അവസാനത്തെ വാക്ക് പറയുന്നതിനുമുമ്പ് അതിൽ

LIBRARY ARCHIVES Kerala Legislative Assembly

contributive ആയിട്ട് എനിക്ക് ഒരു opinion ഉണ്ട്. ഇതിലെ ഭേദഗതിയിൽ ഒരു വാക്കേയുള്ളുവെങ്കിലും പ്രധാനപ്പെട്ട വളരെയധികം കാര്യങ്ങൾ ഉള്ളടക്കം ചെയ്യുന്നതാണ് രണ്ടാമത്തെ ബിൽ. സമയം അതിന് വളരെ ക്ലിപ്തപ്പെടുത്തിയ്ക്കേണം. ക്ലിപ്തപ്പെടുത്താതെ രണ്ട് ബിൽ എന്നു തീരുമാനിച്ച് രണ്ടര മണിക്ക് എന്നു പറയുമ്പോൾ അത് രണ്ടാമത്തെ ബില്ലിനുള്ള സമയമെന്നാകും.

മി. സ്പീക്കർ: ഇപ്പോൾ നമ്മൾ ചർച്ച ചെയ്യുന്ന ബില്ലിന്റെയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബില്ലിന്റെയും നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി സഭയുടെ സമയം നീട്ടിക്കിട്ടണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. ടി. എം. ജേക്കബ്: സർ, I demand a poll.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—33

1. ശ്രീ. കെ. അച്ചുതൻ
2. „ സി. ടി. അഹമ്മദ് അലി
3. „ ഇ. എം. അഗസ്തി
4. „ ബാബു ദിവാകരൻ
5. „ പി. കെ. കെ. ബാവ
6. „ കെ. എ. ചന്ദ്രൻ
7. „ ഡൊമിനിക് പ്രസന്റേഷൻ
8. „ എം. എം. ദർസ്സൻ
9. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
10. ശ്രീ. കെ. സി. ജോസഫ്
11. „ പി. ജെ. ജോയി
12. „ ഉമ്മൻ ചാണ്ടി
13. „ എം. കെ. പോൾസൺ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

14. ശ്രീ. ടി. എൻ. പ്രതാപൻ
15. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ,, കെ. കുട്ടി അഹമ്മദ് കുട്ടി
17. ,, ലൂഡി ലൂയിസ്
18. ,, സി. മമ്മൂട്ടി
19. ,, കെ. എം. മാണി
20. ,, എ. കെ. മണി
21. ,, കെ. നാരായണക്കുറുപ്പ്
22. ,, എഴുകോൺ നാരായണൻ
23. ,, സ്റ്റീഫൻ ജോർജ്
24. ,, കെ. സുധാകരൻ
25. ,, സി. എഫ്. തോമസ്
26. ,, യു. സി. രാമൻ
27. ,, തമ്പാനൂർ രവി
28. ,, റോഷി അഗസ്റ്റിൻ
29. ,, വി. ഡി. സതീശൻ
30. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
31. ശ്രീ. പി. ടി. തോമസ്
32. ,, തോമസ് ചാഴികാടൻ
33. ,, തോമസ് ഉണ്ണിയാടൻ

പ്രതികൂലിക്കുന്നവർ—2

1. ശ്രീ. ടി. എം. ജേക്കബ്
2. ,, ജോണി നെല്ലൂർ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ—33

പ്രതികൂലിക്കുന്നവർ—2

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

എല്ലാവരും സഹകരിച്ചാൽ നമുക്ക് 2.30-ന് തീർക്കാം. ശ്രീ. ജോണി നെല്ലൂർ.....ഇതിന് ശ്രീ. ബിനോയ് വിശ്വം നേരത്തെ authorisation കൊടുത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Sri. K. C. Joseph : Sir, I am raising a point of order.

78. ..... Provided that if the member in-charge of a Bill is unable, for reasons which the Speaker considers adequate, to move the next motion in regard to his Bill at any subsequent stage after introduction, he may authorise another member to move that particular motion with the approval of the Speaker. ശ്രീ. ബിനോയ് വിശ്വം അടങ്ങുന്ന കക്ഷിയും പ്രതിപക്ഷവും സഭ ബഹിഷ്കരിച്ചിരിക്കുകയാണ്. ബഹിഷ്കരിച്ച ഒരു മെമ്പർ ഈ സഭയിൽ പങ്കെടുക്കുന്നില്ല .....

മി. സ്പീക്കർ: ശ്രീ. ബിനോയ് വിശ്വം അദ്ദേഹത്തിന്റെ സഹോദരന്റെ മരണ വാർത്ത അറിഞ്ഞ് ഇന്നലെ പോയി. അപ്പോൾ കൊടുത്ത authorisation ആണ്. ഇന്നത്തെ ഈ ഡെവലപ്മെന്റ് അദ്ദേഹം അറിഞ്ഞിരിക്കില്ല. ഇന്നലത്തെ ഡേറ്റ് വച്ച് തന്ന authorisation ആണ്.

ശ്രീ. കെ. സി. ജോസഫ്: ഇത് വാക്കൗട്ട് അല്ല. സഭ ബഹിഷ്കരിക്കുകയാണ് ചെയ്തത്. ശ്രീ. ബിനോയ് വിശ്വം അടങ്ങുന്ന പാർട്ടിയുടെ ലീഡർ പറഞ്ഞതാണ്. ദയവായി അങ്ങ് തെറ്റായ കീഴ്വഴക്കം ഉണ്ടാക്കരുത്. ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞത് ഞാനും എന്റെ കക്ഷിയും പോകുന്നു എന്നാണ്. ശ്രീ. ബിനോയ് വിശ്വം അടങ്ങുന്ന പാർട്ടി (സി.പി.ഐ.) സഭ ബഹിഷ്കരിച്ചിരിക്കുകയാണ്.

2.00 P.M.]

മി. സ്പീക്കർ : നിങ്ങൾ തമ്മിൽ തർക്കിക്കേണ്ട കാര്യമില്ല. ഞാൻ അങ്ങനെ വിളിച്ചത് ശരിയാണ്. അതേസമയം ഒരു മെമ്പർ അതേപ്പറ്റി ഒരു ആക്ഷേപം ഉന്നയിച്ചതുകൊണ്ട് പ്രശ്നം വന്നിരിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: ആതൈറെസേഷനെയല്ല കാസ്റ്റ്യൻ ചെയ്യുന്നത്. ഇവിടെ സഭ ബഹിഷ്കരിക്കുന്നു എന്നും ഇന്ന് ഡി. എ. പോലും വാങ്ങുന്നില്ല എന്നും അറ്റൻഡൻസ് രജിസ്റ്ററിൽ ഒപ്പിട്ടിട്ടില്ല എന്നും ഇനി ആരെങ്കിലും ഒപ്പിട്ടിട്ടുണ്ടെങ്കിൽ അത് മായ്ക്കാനുള്ള ക്രമീകരണം ചെയ്തിരിക്കുന്നു എന്നും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു. അദ്ദേഹം പറഞ്ഞതിനോട് യോജിച്ചുകൊണ്ട് സി.പി.ഐ.-യുടെ നിയമസഭാ കക്ഷിനേതാവ് ശ്രീ. കെ. പി. രാജേന്ദ്രൻ ഉപനേതാവ് ആയ ശ്രീ. ബിനോയ് വിശ്വത്തെക്കൂടി റെപ്രസന്റ് ചെയ്തുകൊണ്ട് പറഞ്ഞുകഴിഞ്ഞാൽ അത് പാർട്ടിയുടെ തീരുമാനമായിക്കഴിഞ്ഞു. It is a ceiling on the decision. പിന്നീട് അതിന്റെ പേരിൽ ഒരു authorisation കൊടുത്താൽ അത് infructuous ആണ്. അത് അനുവദിക്കുകയില്ല. നേരത്തെ എടുത്ത തീരുമാനമാണെങ്കിലും ഹൗസിൽ ഇത് എടുക്കുമ്പോൾ അത് infructuous ആയിപ്പോകും. അതുകൊണ്ട് ദയവായി അനുവദിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ബിനോയ് വിശ്വം ഇന്നലെ കൊടുത്ത ആതറൈസേഷൻ എന്ന നിലയ്ക്കാണ് പേര് വിളിച്ചത്. അതിനെ സംബന്ധിച്ച് പാർലമെന്ററി പാർട്ടിയുടെ ചുമതല വഹിക്കുന്ന മന്ത്രി അടക്കം രണ്ടുമൂന്ന് മെമ്പർമാർ നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ. ബിനോയ് വിശ്വം ഉൾക്കൊള്ളുന്ന പാർട്ടി ഇന്നത്തെ നിയമസഭാ നടപടികളിൽ പങ്കെടുക്കുന്നില്ല എന്ന് പറഞ്ഞാൽ ആ പാർട്ടിയിൽപ്പെട്ട ഒരാളുടെ ആതറൈസേഷൻ valid ആകുകയില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, ഈ സഭയിൽ ഒരു കീഴ്വഴക്കം ഉണ്ട്. ആതറൈസേഷനെ സംബന്ധിച്ച് അങ്ങ് പറഞ്ഞ റൂളിംഗ് മാനിക്കുന്നു. പക്ഷേ ഇന്ന് ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ലിസ്റ്റിൽ എന്റെ പേരും ശ്രീ. ജോണി നെല്ലൂരിന്റെ പേരും ഉണ്ട്. അതിൽപ്പെടുന്ന ആളുകളെ വിളിച്ച് ഈ സഭയിൽ സംസാരിക്കുന്ന പാരമ്പര്യം ഉണ്ട്. ഞങ്ങൾ രണ്ട് പേരാണ് ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നത്. ഞങ്ങൾ രണ്ടുപേർക്കും പറയാനുള്ളത് കേൾക്കണം. ഞങ്ങളെക്കൊണ്ട് സംസാരിപ്പിക്കില്ല എന്നാണെങ്കിൽ ഞങ്ങൾ ഇപ്പോൾത്തന്നെ ഇറങ്ങിപ്പോകാം. സഭയുടെ തീരുമാനം രണ്ട് ബില്ലുകൾ തീരുന്നതുവരെ ഇരിക്കണമെന്നാണ്. ഞങ്ങളെക്കൊണ്ട് സംസാരിപ്പിക്കില്ല എന്നാണ് തീരുമാനമെങ്കിൽ ഞങ്ങൾക്ക് ഒന്നും പറയാൻ നിവൃത്തിയില്ല. ദയവായി അതിന് അങ്ങ് അനുവദിക്കണം.

മി. സ്പീക്കർ : ഇക്കാര്യം ശ്രീ. ടി. എം. ജേക്കബിന് നല്ലതുപോലെ അറിയാം. ഇവിടെ നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ കാലാകാലങ്ങളിൽ നടത്തിവരുന്ന കീഴ്വഴക്കം അനുസരിച്ച് 50-ാം ഭേദഗതിയൊന്നും ഒരിക്കലും എടുക്കാറില്ല. രണ്ടെണ്ണം മാത്രമേ എടുക്കാറുള്ളൂ. അതിന്റെ പ്രയോറിറ്റി അനുസരിച്ച് രണ്ട് ഭേദഗതികളാണ് ഇവിടെ ചർച്ച ചെയ്യുന്നത്.

ശ്രീ. ടി. എം. ജേക്കബ് : അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഒന്ന് Eliciting public opinion-ഉം രണ്ടാമത്തേത് Select Committee-ക്ക് വിടണം എന്നുള്ളതുമാണ്. രണ്ട് പ്രമേയങ്ങളും ഇവിടെ അവതരിപ്പിക്കും. അത് സമ്മതിച്ചു. ഇവ രണ്ടും മാത്രമേ വോട്ടിനിടാറുള്ളൂ. പക്ഷേ ലിസ്റ്റിൽ പേര് വന്നിട്ടുള്ള ആളുകൾ സഭയിൽ ഉണ്ടെങ്കിൽ വിളിക്കാറുണ്ട്, അവർ സംസാരിക്കാറുമുണ്ട്. അങ്ങ് ദയവായി അത് പരിശോധിക്കണം. ഇന്നത്തെ ലിസ്റ്റിൽ പ്രതിപക്ഷത്തുനിന്ന് എന്റെ പേര് 35-ാം നമ്പറായും ശ്രീ. ജോണി നെല്ലൂരിന്റേത് 50-ാം നമ്പറായും വന്നിട്ടുണ്ട്. ബാക്കിയുള്ളവരെല്ലാം ഇറങ്ങിപ്പോയി. സഭ പാസ്സാക്കിയതനുസരിച്ച് രണ്ട് നിയമം തീരുന്നതുവരെ ഇരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ഞങ്ങളെക്കൊണ്ട് രണ്ട് വാക്ക് സംസാരിപ്പിക്കില്ല എന്നാണ് നിർബന്ധമെങ്കിൽ ഞങ്ങൾ ഇറങ്ങിപ്പോകാം.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*) : ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന നോട്ടീസിനകത്ത് 35-ാമത്തെ പേര് ശ്രീ. ടി. എം. ജേക്കബും 50-ാമത്തേത് ശ്രീ. ജോണി നെല്ലൂരുമാണ്. 35-നുമുന്പ് പേരുവന്നിട്ടുള്ള മെമ്പർമാരിൽ ഹാജരായിട്ടുള്ളവർ ഉണ്ടാകും. മുറയനുസരിച്ച് 35-ഉം 50-ഉം എത്തുകയാണെങ്കിൽ ഒരു വിരോധവുമില്ല. ഒരാളിനെ ബൈപ്പാസ് ചെയ്ത് മറ്റൊരാളിന് കൊടുക്കരുത്. സഭയിലെ എല്ലാ മെമ്പർമാരെയും അങ്ങ് തുല്യരായി കാണണം. ഇതിന് മുൻപുള്ള ആളുകളെ വിളിക്കാനുള്ള സൗകര്യവും സമയവും ഉണ്ടെങ്കിൽ മാത്രമേ 35-ഉം 50-ഉം ആയി പോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അങ്ങ് ദയവായി ഇതിനുമുൻപുള്ള ആളുകളെ ബൈപ്പാസ് ചെയ്യണമെന്നുള്ള ആർഗ്യുമെന്റ് ഒഴിവാക്കണം. അതനുസരിച്ച് റൂളിംഗ് നൽകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നത് പ്രോൽസാഹിപ്പിക്കുന്നതിനുള്ള ഒരു ബില്ലാണിത്, നമുക്കറിയാം നമ്മുടെ പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിനുവേണ്ടി ഏറ്റവും അത്യാവശ്യമായ കാര്യമാണ് വനഭൂമി ഉണ്ടാക്കുക എന്നത്. ഒരു ഭൂപ്രദേശത്ത് മൂന്നിലൊന്നെങ്കിലും വനഭൂമിയുണ്ടെങ്കിൽ മാത്രമേ പരിസ്ഥിതിസന്തുലനം എന്നുള്ള തത്വം യാഥാർത്ഥ്യമാകുകയുള്ളൂ; പ്രപഞ്ചത്തിന്റെ നിലനിൽപ്പും ഭൂപ്രദേശത്തിന്റെ നിലനിൽപ്പും തമ്മിലുള്ള ബാലൻസ് ഉണ്ടാകുകയുള്ളൂ. പക്ഷേ വനഭൂമി വളരെ കുറഞ്ഞുവരികയാണ് എന്നുള്ള യാഥാർത്ഥ്യം നമുക്ക് തിരിച്ചറിവായി അനുഭവപ്പെട്ടു തുടങ്ങിയ കാലത്ത് വനപ്രദേശങ്ങളിൽ കൂടുതൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനോടൊപ്പം വനേതര പ്രദേശങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പ്രോൽസാഹനം നൽകുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. വൃക്ഷങ്ങൾ വെട്ടിയെടുക്കാനുള്ള ട്രെൻഡല്ലാതെ വൃക്ഷങ്ങൾ നട്ടുവളർത്താനുള്ള ഒരു സ്വഭാവം മലയാളികൾക്കില്ല. വൃക്ഷങ്ങൾ വെട്ടിയെടുക്കാനുള്ള ആവേശം പല ഭാഗത്തുനിന്നും കാണാറുണ്ട്. ഭാരതീയ പാരമ്പര്യം അനുസരിച്ച് ഒരു വൃക്ഷം വെട്ടിയെടുക്കണമെങ്കിൽ അതിന്റെ കാലാവധി പൂർത്തിയാക്കി കഴിയുമ്പോൾ, അത് പ്രായപൂർത്തിയായിക്കഴിയുമ്പോൾ, വൃക്ഷത്തിന്റെ പൂജ നടത്തി ആ വൃക്ഷത്തോട് അനുവാദം ചോദിച്ചാൽ വെട്ടിയെടുക്കുന്നതിന് ആ വൃക്ഷം അനുവാദം കൊടുക്കും. അനുവാദം കൊടുത്താൽ മാത്രമേ വെട്ടിയെടുക്കാൻ പാടുള്ളൂ എന്നുണ്ട്, അതിനർത്ഥം. ഒരു മണി കിലുക്കിക്കൊണ്ട് വൃക്ഷത്തിന്റെ അടുത്തുപോയി പൂജ നടത്തണമെന്നല്ല, മറിച്ച് ആ വൃക്ഷത്തെ ബഹുമാനത്തോടെ കാണുകയും അതിന്റെ കാലാവധി കഴിഞ്ഞാൽ അതിനെ മുറിച്ചുമാറ്റാം എന്നുള്ളതുമാണ്. നമ്മുടെ നാട്ടിൽ നടക്കുന്നത് വൃക്ഷപൂജയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

പകരം ഭരണകൂടങ്ങളുടേയും അവരുടെ സിൽബന്ധികളായി നിൽക്കുന്ന ഉദ്യോഗസ്ഥരുടെയും പാദപൂജയാണ്. അതുകൊണ്ടു തന്നെയാണ് വനപ്രദേശങ്ങളിൽ വൃക്ഷങ്ങളുടെ എണ്ണം വ്യാപകമായി കുറഞ്ഞുവരുന്നത്. തീർച്ചയായും വേണ്ടത്ര പ്രദേശങ്ങളിൽ, പുറംപോക്ക് ഭൂമിയിലും സ്വകാര്യ ഭൂമിയിലും വൃക്ഷങ്ങൾ നട്ടുവളർത്താനുള്ള പ്രോൽസാഹനവുമായി ഗവൺമെന്റ് മുൻകൈയെടുത്ത് ഇറങ്ങുന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണ്. സംസ്ഥാനത്ത് ലഭിക്കുന്ന മഴയിൽനിന്നുള്ള ഭൂരിഭാഗം വെള്ളവും കടലിൽ ചെന്നുചേരുകയാണ് ചെയ്യുന്നത്. നമ്മുടെ ഭൂപ്രദേശത്തിന്റെ പ്രത്യേകതകൊണ്ട് മലനാട്, ഇടനാട്, തീരപ്രദേശം എന്നുപറയുന്ന മൂന്ന് ടെറൈൻ ആയി നിൽക്കുകയാണ്. അതുകൊണ്ട് നമ്മുടെ വൃക്ഷങ്ങൾ മുഴുവൻ കിഴക്കൻ പ്രദേശങ്ങളിൽനിന്ന് അതായത് മലനാട്ടിൽനിന്ന് അപ്രത്യക്ഷമായതുകൊണ്ട് നമുക്ക് ധാരാളമായി ലഭിക്കുന്ന മഴവെള്ളം കാത്തുസൂക്ഷിക്കാൻ കഴിയാതെ അതും കടലിൽ ചെന്നുചേരുന്ന ഒരു അവസ്ഥ കൂടിയുണ്ട്. നമ്മുടെ നാട്ടിൽ വൃക്ഷങ്ങൾ കൂടുതലായി ഉണ്ടായാൽ ഭൂജലം വർദ്ധിക്കാനും മഴയിലൂടെ ലഭിക്കുന്ന ജലത്തെ കാത്തുസൂക്ഷിക്കാനും കുടിവെള്ളത്തിന്റെയും ജലദൗർലഭ്യത്തിന്റെയും പ്രതിസന്ധി ഒരുപരിധിവരെ പരിഹരിക്കാനും കഴിയുമെന്ന കാര്യത്തിൽ സംശയം വേണ്ട. നമ്മുടെ നാട്ടിൽ നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന കർഷകരെ സംബന്ധിച്ചിടത്തോളം അവരെല്ലാം ആ നാണ്യവിളകളുടെ ചുറ്റിലും തേക്കുപോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കുകയാണ് സാധാരണ ചെയ്യുന്നത് . കർഷകർ അവരുടെ പൂർവ്വികൻമാർ നട്ടുവളർത്തിയ തേക്കുപോലുള്ള മരങ്ങൾ വിറ്റുകഴിഞ്ഞാൽ അതിന് പ്രായപൂർത്തിയായി കഴിയുമ്പോൾ അത് മുറിച്ചുമാറ്റാനുള്ള അനുവാദം പോലും ഇന്ന് നമ്മുടെ നാട്ടിൽ ഇല്ലാതായിരിക്കുന്നു. നാണ്യവിളകൾക്കെല്ലാം വില കുറഞ്ഞുവരുമ്പോൾ കർഷകരെ സംബന്ധിച്ചിടത്തോളം പ്രായപൂർത്തിയായ മരങ്ങൾ വെട്ടിമാറ്റുന്നത് തീർച്ചയായും സാമ്പത്തികമായി അവരെ സഹായിക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. കർഷകരെ സംബന്ധിച്ചിടത്തോളം അത് വളരെ പ്രോൽസാഹജനകവും ആയിരിക്കും. അവരുടെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ വെട്ടിമാറ്റാനുള്ള അവരുടെ അവകാശങ്ങൾ. ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ഈ മരങ്ങൾ നട്ടുവളർത്താനുള്ള പ്രോൽസാഹനം കൊടുക്കുമ്പോൾ ആ മരങ്ങൾ, ഏതു രീതിയിലുള്ളവ ആയിരിക്കണം എന്നുകൂടി പറയണം. ഈ ബില്ലിൽ നിർദ്ദേശിക്കുന്ന ചില മരങ്ങൾ ഭൂജലം ഊറ്റിയെടുക്കുന്നതിന് സഹായകമാകുന്നവയോ ഭൂമിയിലെ ജൈവ വ്യവസ്ഥയെ തകരാറിലാക്കുന്നവയോ ബാലൻസ് തെറ്റിക്കുന്നവയോ ഭൂമിയിലെ വളത്തെ മുഴുവൻ വലിച്ചെടുക്കുന്നവയോ ആയിരിക്കരുത്. നമ്മുടെ കാർഷിക മേഖലയെ ബാധിക്കാത്ത തരത്തിലുള്ള വൃക്ഷത്തൈകൾ വേണം നട്ടുവളർത്താൻ. നമ്മുടെ നാട്ടിൽ പലപ്പോഴും സാമൂഹ്യ വനവൽക്കരണം ഉണ്ടായിട്ടുണ്ട്. ആ സാമൂഹ്യ വനവൽക്കരണത്തിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

പഴയ കാലങ്ങളിൽ കൊടുത്ത തൈകൾ നമുക്കറിയാം കുറേ നാളുകളിൽ വനവൽക്കരണത്തിന്റെ പേരിൽ, സോഷ്യൽ ഫോറസ്ട്രിയുടെ പേരിൽ കൊടുത്തത് അക്കേഷ്യാമരങ്ങളാണ്. പിന്നീട് യൂക്കാലിപ്റ്റസ് മരങ്ങൾ നട്ടുപിടിപ്പിച്ചു. പിന്നെയാണ് മനസ്സിലായത് ഈ അക്കേഷ്യയും, യൂക്കാലിപ്റ്റസും ഭൂമിയുടെ സന്തുലനാവസ്ഥ പാലിക്കാൻ സഹായകമാകുന്ന മരങ്ങളല്ല, മറിച്ച് ഭൂജലമെത്ത ഊറ്റിക്കുടിക്കുകയും ജൈവ വ്യവസ്ഥയെ തകരാറിലാക്കുകയും ചെയ്യുന്ന വൃക്ഷങ്ങളാണെന്ന്. അങ്ങനെയുള്ള മരങ്ങളാണ് സർക്കാർ തന്നെ മുൻകൈയെടുത്ത് സോഷ്യൽ ഫോറസ്ട്രിയുടെ പേരിൽ ജനങ്ങൾക്ക് നൽകിയത്. അത്തരം അനുഭവങ്ങൾ ഇനി നമുക്കുണ്ടാകരുത്. ഗവൺമെന്റ് അല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന വൃക്ഷം വളർത്താനുള്ള പദ്ധതിയിൽ ഇത്തരം പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കുന്ന മരങ്ങൾ ഉണ്ടാകരുത്. അത്തരം മരങ്ങൾ നട്ടുവളർത്തുമ്പോൾ നമ്മുടെ പരിസ്ഥിതിക്കും ജൈവവ്യവസ്ഥയ്ക്കും എന്തെല്ലാം ഇംപാക്ട് ഉണ്ടാകും എന്നുള്ളതിനെക്കുറിച്ച് വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ ഇത്തരം വിത്തുകൾ കൊടുക്കാൻ പാടുള്ളൂ. ഈ ബില്ലിൽ ക്ലാസ് 3-ൽ പറഞ്ഞിരിക്കുന്നത് "വനേതര ഭൂമിയുടെ ഏതൊരു ഉടമസ്ഥനും അയാളുടെ ഭൂമിയിൽ വളർത്തിയിട്ടുള്ള ഏതെങ്കിലും വിളയ്ക്ക് പുറമേ അങ്ങനെയുള്ള ഭൂമിയിലെ വൃക്ഷജാലം വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായേക്കാവുന്നതും അതിന് പൊതുവേ സഹായകരമാകുന്നതുമായ വൃക്ഷങ്ങൾ അയാളുടെ ഭൂമിയിൽ വച്ചുപിടിപ്പിക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്" എന്നാണ്. ഇപ്പോൾത്തന്നെ അവരവരുടെ ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ട് എന്നുതന്നെയാണ് കരുതുന്നത്. അങ്ങനെ നേരത്തേത്തന്നെ സ്വാതന്ത്ര്യം ഉണ്ടായിരിക്കെ ഇപ്പോൾ എന്തുകൊണ്ടാണ് അത് ഇങ്ങനെ ഈ ബില്ലിന്റെ ക്ലാസ് 3-ൽപ്പെടുത്തിയിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകുമ്പോൾ തീർച്ചയായും വിശദീകരിക്കും എന്ന് ഞാൻ കരുതുകയാണ്. അതുപോലെ ക്ലാസ് 4 (ഡി) യിൽ പറഞ്ഞിരിക്കുന്നതിന് കുറച്ചുകൂടി ക്ലാരിറ്റിയുണ്ടാകണം. അതിൽ പറഞ്ഞിരിക്കുന്നത് "കെട്ടിടങ്ങളുടെയും പുതിയ റോഡുകളുടെയും നിർമ്മാണംകൊണ്ടോ അല്ലെങ്കിൽ നിലവിലുള്ള റോഡുകളുടെ വീതി കൂട്ടലുകൊണ്ടോ സ്വത്തിനും ജീവനും അപകടം ഉണ്ടാകാതിരിക്കുവാനുള്ള മുൻകരുതലിനുവേണ്ടിയോ ആവശ്യമായിത്തീർന്നിട്ടുള്ള വൃക്ഷങ്ങൾ നടുന്നതിനും മാറ്റി നടുന്നതിനും" എന്നാണ്. അപ്പോൾ റോഡ് വീതി കൂട്ടുമ്പോഴും പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുമ്പോഴും അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ വൃക്ഷങ്ങൾ നടുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ആ വാചകത്തിൽ ഒരു ക്ലാരിറ്റി ഇല്ല; തീർച്ചയായും അതിനകത്തൊരു മാറ്റം ഉണ്ടാകണം. ബഹുമാനപ്പെട്ട പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ ക്ലാസ് 8-ൽ പറഞ്ഞിരിക്കുന്നത് കമ്പനികൾ ചെയ്യുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ചാണ്. അതിന്റെ പ്രൊവിസോയിൽ "എന്നാൽ, ഈ വകുപ്പിലെ യാതൊന്നും തന്നെ കുറ്റം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത് തന്റെ അറിവോടുകൂടിയായിരുന്നില്ലെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയാൻ വേണ്ട എല്ലാ ശ്രദ്ധയും താൻ ചെലുത്തിയിരുന്നു എന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ യാതൊരാളെയും ശിക്ഷയ്ക്ക് വിധേയനാക്കാവുന്നതല്ല" എന്നാണ് പറഞ്ഞിരിക്കുന്നത്. അത് ഒരു ബില്ലിൽ പറയാവുന്ന കാര്യമാണെന്ന് എനിക്ക് തോന്നുന്നില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ക്രിമിനൽ ലായുടെ അടിസ്ഥാന പ്രമാണങ്ങളെ ലംഘിക്കുന്ന ഒന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. തീർച്ചയായും ആൾ കുറ്റം ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കേണ്ടത് തെളിവുകളുടെ അടിസ്ഥാനത്തിൽ വിചാരണവേളയിൽ ക്രിമിനൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ കോടതിയിലാണെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെ ക്ളാസ് 6-ൽ പറഞ്ഞിരിക്കുന്നത് ഉടമസ്ഥർക്ക് വൃക്ഷങ്ങൾ മുറിക്കുന്നതിനും, നീക്കം ചെയ്യുന്നതിനുമുള്ള അവകാശത്തെപ്പറ്റിയാണ്; അതിന്റെ പ്രൊവൈസോയിൽ പറഞ്ഞിരിക്കുന്നത്. "ആ പ്രദേശത്ത് അധികാരിതയുള്ള ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ മുൻപാകെ ഏതു ഭൂമിയിൽ നിന്നാണോ മരം മുറിച്ചത് ആ ഭൂമിയുടെ സർവ്വേ നമ്പർ, വൃക്ഷങ്ങളുടെ എണ്ണം, വൃക്ഷങ്ങളുടെ ഇനം, തടിയുടെ അളവ്, ഏത് സ്ഥലത്തേയ്ക്കാണ് തടി കടത്തിക്കൊണ്ടുപോകുന്നത് തുടങ്ങിയ വിവരങ്ങൾ അടങ്ങിയ ഒരു പ്രതിജ്ഞാപത്രം ഹാജരാക്കേണ്ടതാണ്" എന്നാണ്. പിന്നീട് പറയുന്നത് അങ്ങനെ "ഹാജരാക്കിയിട്ടുള്ള ഓരോ പ്രതിജ്ഞാപത്രത്തിനും ഉടൻതന്നെ ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ കൈപ്പറ്റ് രസീത് നൽകേണ്ടതും അങ്ങനെ കൈപ്പറ്റ് രസീത് നൽകിയിട്ടുള്ള പ്രതിജ്ഞാപത്രത്തിന്റെ പകർപ്പ് തടി കടത്തിക്കൊണ്ടുപോകുന്ന സമയത്ത് അതിനോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്" എന്നാണ്. ഇതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട ഭാഗം എന്നുപറയുന്നത് ആ ക്ളാസാണ്. അങ്ങനെ ഒരു നിയമം ഉണ്ടാക്കിക്കഴിഞ്ഞാൽ നമ്മുടെ നിലവിലുള്ള ഫോറസ്റ്റ് നിയമങ്ങളെ അതിലേതെങ്കിലും ബാധിക്കുമോ എന്നാണ് എനിക്ക് സംശയം. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തിൽ വിശദീകരണം നൽകുമെന്ന് ഞാൻ കരുതുന്നു. കാരണം നിലവിലുള്ള ഫോറസ്റ്റ് നിയമങ്ങളെ ഒരു കാരണവശാലും ഈ നിയമം ബാധിക്കരുത്. ഇത് നമ്മുടെ കർഷകരെ സഹായിക്കുന്നതിനും സ്വന്തം ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടിയുള്ളതാണ്. സ്വന്തം ഭൂമിയിൽ വൃക്ഷങ്ങൾ നട്ടുവളർത്തിയാൽ അത് മുറിച്ചുമാറ്റാൻ അവകാശമില്ലെങ്കിൽ ഭൂമിയിൽ വൃക്ഷം നടേണ്ട എന്ന് സാധാരണ എല്ലാവരും തീരുമാനിക്കും. മുറിച്ചുമാറ്റാനുള്ള അവകാശംകൂടി അവർക്ക് ഉണ്ടെന്ന് കണ്ടാലേ നാട്ടിൽ വൃക്ഷങ്ങൾ നട്ടുവളർത്തുകയുള്ളൂ. പക്ഷേ ഈ പ്രതിജ്ഞാപത്രം കള്ളത്തടിവെട്ടുകാർക്ക് തടി കൊണ്ടുപോകുന്നതിനുള്ള ഒരു ലൈസൻസായി മാറരുത്. പ്രതിജ്ഞാപത്രം മാറാതിരിക്കണമെങ്കിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ഇപ്പോഴുള്ള അവകാശങ്ങൾ നിലനിൽക്കണം. അതായത് ആര് തടി കൊണ്ടുപോയാലും ഫോറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ് ഈ പ്രതിജ്ഞാപത്രം പരിശോധിച്ച് ആ തടിയുടെ ഒറിജിൻ എവിടെ നിന്നാണ്, എവിടെനിന്നാണ് മുറിച്ചുമാറ്റിയിരിക്കുന്നത്, അതിന്റെ കുറ്റി എവിടെയാണ്, ഇത് കൃഷിഭൂമിയിൽനിന്ന് വെട്ടി മാറ്റിയ മരമാണോ ഇത് റെയിഞ്ച് ഓഫീസർ കൊടുത്തിരിക്കുന്ന യഥാർത്ഥ പ്രതിജ്ഞാപത്രമാണോ എന്നൊക്കെ പരിശോധിക്കാനുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനുള്ള അവകാശങ്ങൾ നിലനിർത്തിക്കൊണ്ടുവേണം ഈ ബിൽ പാസ്സാക്കാൻ എന്ന് അഭ്യർത്ഥിക്കുന്നു. തീർച്ചയായും ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുകൊണ്ടും മുൻകൂട്ടി സംസാരിക്കാൻ അനുവാദമുള്ളത് അറിയില്ലായിരുന്നതുകൊണ്ടും ഞാൻ ചുരുക്കുന്നു.

മി. സ്പീക്കർ: രണ്ടുപേരെയേ സംസാരിപ്പിക്കാറുള്ളൂ. ശ്രീ. ടി. എം. ജേക്കബിന്റെ ഭേദഗതി ലിസ്റ്റിൽ 35-ഉം ശ്രീ. ജോണി നെല്ലൂരിന്റേത് 50-ഉം ആണ്. സാങ്കേതികത്വത്തിൽ നിൽക്കുന്നത് നിയമസഭയുടെ സുഗമമായ പ്രവർത്തനത്തിന് നല്ലതല്ലാത്തതുകൊണ്ട് പ്രതിപക്ഷാംഗം എന്ന നിലയ്ക്ക് നിങ്ങളിൽ ഒരാൾക്ക് സമയം തരാം. ഏറ്റവും ഹ്രസ്വമായ കാര്യങ്ങൾ മാത്രം പറഞ്ഞാൽ മതി; സഹകരിക്കുക.

ശ്രീ. ടി. എം. ജേക്കബ്: സർ, അതൊരു ഔദാര്യമാണ്. ഇവിടെ പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞത് രണ്ടെണ്ണം മാത്രമേ സമ്മതിക്കാറുള്ളൂ എന്നാണ്. ബാക്കിയെല്ലാം ലിസ്റ്റ് അനുസരിച്ച് വിളിക്കുകയാണ് പതിവ്. അങ്ങനെ വേണമെങ്കിൽ വിളിച്ചോളൂ എന്നു പറഞ്ഞു. എന്റെ ഭേദഗതി 35-ാമതും, ശ്രീ. ജോണിയുടെ 50-ാമതുമാണ്. നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം കക്ഷികൾക്ക് അല്പല്പം സമയം കൊടുക്കുക. അങ്ങേക്കറിയാം ഇവിടെ മെമ്പേഴ്സിനാണ് ആ റൈറ്റ് ഉള്ളത്. അത് ഏത് മെമ്പറാ ആകട്ടെ, ഒരു കക്ഷിയിൽ പല മെമ്പർമാർ വരും. ഇപ്പോൾ രണ്ട് പേർ ഭരണകക്ഷിയിൽ നിന്നാണ് സംസാരിച്ചത്. നറുക്കിട്ടപ്പോൾ അവർക്ക് കിട്ടി. അവർക്ക് അതിനുള്ള റൈറ്റ് കൊടുക്കുന്നതിൽ തെറ്റൊന്നുമില്ല. പക്ഷെ നിയമനിർമ്മാണത്തെ സംബന്ധിച്ചിടത്തോളം ഇത് ഒരു റെമൽത്തി കീഴ്വഴക്കമല്ല. കഴിഞ്ഞ സഭ പിരിയുമ്പോഴും അങ്ങുതന്നെ പറഞ്ഞു, നിയമനിർമ്മാണത്തിൽ അംഗങ്ങൾക്ക് കൂടുതൽ പങ്കെടുക്കാനുള്ള അവസരം കൊടുക്കണം; അതുകൊണ്ട് പ്രത്യേക സമ്മേളനം വിളിക്കണം എന്ന്. അങ്ങയുടെ നിർദ്ദേശപ്രകാരം നിയമനിർമ്മാണത്തിനുവേണ്ടി എക്സ്ക്ലൂസീവായി വിളിച്ച ഒരു സമ്മേളനമാണിത്. ഈ സമ്മേളനത്തിന്റെ ആരംഭദിവസം ഇങ്ങനെ ഒരു പ്രഹസനമാക്കി പോകുന്നത് ശരിയല്ല. രണ്ടാമത്, ബില്ലിനെ സംബന്ധിച്ച് മന്ത്രി തന്നെ പറഞ്ഞു, ബിൽ ഈ സഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടത് ഞാൻ മന്ത്രിയായിരിക്കുമ്പോഴാണെന്ന്. എനിക്ക് പിന്നെ കാര്യങ്ങൾ ഇവിടെ പറയാനുണ്ട്. അതങ്ങനെ പെട്ടെന്ന് പാസ്സാക്കിക്കൊണ്ട് പോകരുതെന്ന് ശ്രീ. രാധാകൃഷ്ണൻ അൽപ്പംമുൻപ് ഇവിടെ പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ നിയമനിർമ്മാണം ഒരു പ്രഹസനമാക്കുന്നത് നല്ലതല്ല. നമുക്ക് ചില സന്ദർഭങ്ങളിൽ ഓർഡിനൻസ് വരുമ്പോൾ ആറാഴ്ചയ്ക്കുള്ളിൽ പാസ്സാക്കണം, അങ്ങനെയൊക്കെ വരുമ്പോൾ ഗവൺമെന്റ് തിടുക്കം കാണിച്ചാൽ അത് ഉൾക്കൊള്ളാൻ കഴിയും. ഇന്ന് ആദ്യത്തെ ബിൽ ആയി കൊണ്ടുവന്നിരിക്കുന്നത് സർക്കുലേറ്റ് ചെയ്ത ഈ ബില്ലാണ്. ഓർഡിനൻസ് പോലുമല്ല. ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുത്തിരിക്കുന്ന സമീപനം ഒരിക്കലും ശരിയല്ല. പ്രധാനപ്രതിപക്ഷമായ മാർക്സിസ്റ്റ് പാർട്ടി ഇവിടെയില്ല. സ്വാഭാവികമായിട്ടും ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞു, ഇത് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ലൊരു നിയമമാണ് എന്ന്. അങ്ങനെ ഒരു നിയമത്തിൽ എല്ലാവരുടെയും അഭിപ്രായം കേൾക്കുന്നതിൽ തെറ്റൊന്നുമില്ല. ഞാൻ അവസാനിപ്പിച്ചുകൊള്ളട്ടെ.

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):* ഇങ്ങനെ അഭിപ്രായപ്രകടനം .....

ശ്രീ. ടി. എം. ജേക്കബ്: ഞാൻ ഒന്ന് പറഞ്ഞുകൊള്ളട്ടെ.

ശ്രീ. കെ. എം. മാണി: ആരെങ്കിലും ഒരാൾ സംസാരിച്ചോളൂ, ഗവൺമെന്റിന് ഒരു കുഴപ്പവുമില്ല.

ശ്രീ. ടി. എം. ജേക്കബ്: നിയമ മന്ത്രിക്കറിയാമല്ലോ, നമ്മൾ ഒരുമിച്ച് പ്രതിപക്ഷത്തിരുന്ന് പ്രതിപക്ഷത്തിന്റെ റൈറ്റിനുവേണ്ടി പോരാടിയിട്ടുള്ളവരാണ്. നമ്മൾ ഒന്നിച്ച് ഒരേ ലെജിസ്ലേച്ചർ പാർട്ടിയിൽ ആയിരുന്നു. അന്നത്തെ ലെജിസ്ലേച്ചർ പാർട്ടിയിൽ ലീഡർ ആയിരുന്ന് പ്രതിപക്ഷത്തിന്റെ റൈറ്റിനുവേണ്ടി പോരാടിയിട്ടുള്ളവരാണ്. മന്ത്രിയാകും; പ്രതിപക്ഷത്തുവരും. അതൊക്കെ സഭയിൽ സ്വാഭാവികമാണ്. ഞങ്ങൾക്ക് ഇങ്ങനെ ഒരു ഔദാര്യം വേണ്ട, ഔദാര്യത്തിന്റെ പുറത്ത് ഞങ്ങളിൽ രണ്ടുപേരിൽ ഒരാൾ വേദിയിൽ സംസാരിച്ചുകൊള്ളാൻ അങ്ങ് പറഞ്ഞു. എന്തായാലും ഗവൺമെന്റ് ഇങ്ങനെ മോശമായ ഒരു നിലപാട് സ്വീകരിച്ച് നിയമനിർമ്മാണത്തെ പ്രഹസനമാക്കുന്ന ഈ നടപടിയിൽ പ്രതിഷേധിച്ച് തുടർന്നുള്ള നടപടിയിൽ ഞങ്ങൾ പങ്കെടുക്കുന്നില്ല.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എം. ജേക്കബും ശ്രീ. ജോണി നെല്ലൂരും സഭവിട്ട് പുറത്തുപോയി.)

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, എന്റെ പേര് പരാമർശിച്ചതുകൊണ്ട് ഞാൻ ഒരുവാക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ്. ഒരുകാരണവശാലും പ്രഹസനമാക്കണമെന്ന് നിർബന്ധമില്ല. പക്ഷെ മെമ്പേഴ്സിന്റെ എല്ലാ റൈറ്റും പ്രൊട്ടക്ട് ചെയ്യണം. മെമ്പേഴ്സിന്റെ റൈറ്റ് പ്രൊട്ടക്ട് ചെയ്യാൻവേണ്ടി നറുക്ക് ഇടുന്നത് ഞങ്ങൾ പറഞ്ഞിട്ടല്ലല്ലോ. പേര് അറിടെ റിസ്റ്റ് ചെയ്തുവന്നത് ഞങ്ങൾ പറഞ്ഞിട്ടല്ലല്ലോ. അതിലൊന്നും ഗവൺമെന്റിന് റോൾ ഇല്ല. ലിസ്റ്റിലുള്ള 50-ാമത്തെ ആളിനെ എടുക്കുമ്പോൾ അതിനുമുമ്പ് ഉള്ള ആളുകളുടെ ഇന്ററസ്റ്റ് കൂടി പ്രൊട്ടക്ട് ചെയ്യണമെന്നേ ഞാൻ അർത്ഥമാക്കിയുള്ളൂ. അതിൽപ്പോലും ബഹുമാനപ്പെട്ട സ്പീക്കർ എടുത്ത നടപടിയെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. പ്രതിപക്ഷത്തിന്റെ ഒപ്പീനിയൻകൂടി വന്നുകൊള്ളട്ടെയെന്നു കരുതി, എന്നിട്ടുപോലും നേരത്തെ നിനച്ചുവച്ചിരുന്ന ഒരു തീരുമാനം അവർ നടപ്പിലാക്കി ഇറങ്ങിപ്പോകുന്നു എന്നുള്ളതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. അത് നേരത്തെ അവർ കരുതിക്കൂട്ടി എടുത്ത തീരുമാനത്തിന്റെ ഭാഗമാണ്.

മി. സ്പീക്കർ: ഇനി ചർച്ച വേണ്ട.

ശ്രീ. കെ. സി. ജോസഫ്: ബില്ലുകൾ ഇന്ന് ചർച്ച ചെയ്യണ്ട, അദ്ദേഹത്തിന് ഒന്നരയ്ക്ക് പുറത്തുപോകണമെന്നാണ് ആദ്യം പറഞ്ഞത്. അങ്ങനെ പറഞ്ഞ ശ്രീ. ജേക്കബാണ് ബിൽ ചർച്ച ചെയ്യണമെന്ന് പറയുന്നത്.

മി. സ്പീക്കർ: ഇതിൽ ചെയറിന്റെ കാര്യം വ്യക്തമാക്കണം. സാധാരണ കീഴ്വഴക്കമനുസരിച്ച് രണ്ട് ബില്ലേ പതിവുള്ളൂ. ഇന്നത്തെ അസാധാരണമായ സാഹചര്യത്തിൽ zero hour ഒരു മണിവരെ നീണ്ടു എന്നുവച്ച് റെഗുലേഷൻ നടക്കാതെ പോകാൻ പറ്റില്ല. പ്രതിപക്ഷത്തിന് പുറത്തിറങ്ങാൻ അധികാരമുണ്ട്. പക്ഷെ ഭരണകക്ഷിയുടെ ലെജിസ്ലേറ്റീവ് ബിസിനസ് നടത്തിക്കൊടുക്കേണ്ട ചുമതല സ്പീക്കർക്കും ഉണ്ട്. നാല് ബിൽ ഉണ്ടെങ്കിലും സാമാന്യ മര്യാദയനുസരിച്ച് രണ്ട് ചെറിയ ബിൽ എങ്കിലും ഇന്ന് എടുക്കണമെന്ന് തീരുമാനിച്ചു. ഒന്ന്, ഹോർമൽ ആയി ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് വിടേണ്ടതാണ്. മറ്റേത് താരതമ്യേന കുറച്ചു കാര്യങ്ങളുള്ളതാണ്. ഇതുമായി സഹകരിക്കാൻ പ്രതിപക്ഷം തയ്യാറായില്ല. അവർ ഒരു കേരളാ ലെവലിൽ ....., അത് നമുക്ക് മനസ്സിലാക്കാൻ കഴിയും. രണ്ടുപേരും വളരെ സജീവമായി വന്നതാണ്. സാങ്കേതികത്വം എല്ലാവരേക്കാളും അരച്ചുകുറുക്കി അറിയാവുന്ന ആളാണ് ശ്രീ. ടി. എം. ജേക്കബ്. ഔദാര്യത്തിന്റെ കാര്യത്തിലല്ല; പക്ഷെ പ്രതിപക്ഷത്തോട് മാന്യത കാണിക്കണം. പ്രഹസനമാക്കരുത് എന്ന് കരുതിയിട്ടാണ് സമയം കൊടുത്തത്. സമയം കൊടുത്തുകഴിഞ്ഞിട്ടും ഔദാര്യമെന്നുപറഞ്ഞ് ചെയറിന്റെ ശരിയായ നടപടിയിൽ ദുഃസൂചന ആരോപിച്ചത് വളരെ ദൗർഭാഗ്യകരമായിപ്പോയി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ഈ ബില്ലിന്മേൽ ഉയർന്നുവന്നിരുന്ന അഭിപ്രായങ്ങളെക്കുറിച്ചാണ് ആദ്യമായി എനിക്കു പറയാനുള്ളത്. ക്ലോസ് 6(1) -ന്റെ പ്രൊവൈസോയിൽ സ്വകാര്യഭൂമിയിൽ നിൽക്കുന്ന മരങ്ങൾ വെട്ടി മറ്റൊരു സ്ഥലത്തേക്ക് കൊണ്ടു പോകുകയാണെങ്കിൽ അത് സ്വകാര്യഭൂമിയിൽ നിൽക്കുന്ന മരമാണെന്ന് കാണിച്ചു കൊണ്ടുള്ള ഒരു അറിയിപ്പ് അല്ലെങ്കിൽ ഒരു ഡിക്ലറേഷൻ— മലയാളത്തിൽ പറഞ്ഞാൽ റിജക്ഷൻ റെയിഞ്ച് ആഫീസർക്ക് കൊടുക്കുന്നത് വീണ്ടും കൃഷിക്കാർക്ക് ബുദ്ധിമുട്ടാകുകയില്ലേയെന്ന് ശ്രീ. പി. ടി. തോമസ് സൂചിപ്പിക്കുകയുണ്ടായി. ഞാനും അതിന്റെ ആശയത്തോട് യോജിക്കുന്നു; ആ സ്പിരിറ്റിനെ ഞാൻ ബഹുമാനിക്കുന്നു. സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ അതിനെ സംബന്ധിച്ച് ആവശ്യമായ നീക്കുപോക്കുകൾ അവിടെ വച്ച് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്. രണ്ടാമതായി കമ്പനിയെ സംബന്ധിച്ചിടത്തോളം 8-ാമത്തെ ക്ലോസിൽ പറയുന്നത് കമ്പനി കുറ്റം ചെയ്യുന്നുവെങ്കിൽ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ആരായിരുന്നാ, he will be liable എന്നാണ്. അത് എല്ലാ നിയമത്തിലും അങ്ങനെയുള്ളതാണ്. Company is a legal person. But company is not a human being. നമുക്ക് ഒരു ക്രിമിനൽ പ്രോസിക്യൂഷൻ ഉണ്ടെങ്കിൽ, ക്രിമിനൽ പ്രോസിക്യൂഷനിൽ ഒരു പ്രതിയെ ശിക്ഷിക്കണമെന്നുണ്ടെങ്കിൽ എങ്ങനെയാണ് കമ്പനിയെ ശിക്ഷിക്കുന്നത്? ജയിൽ ശിക്ഷ ആണെങ്കിൽ കമ്പനിയെ ജയിൽശിക്ഷയ്ക്ക് വിടാൻ പറ്റുമോ? ഇല്ല. The company will be represented by the Managing Director. അതെപ്പോഴും അങ്ങനെയുള്ളതാണ് There is a safeguard in the proviso. പ്രൊവൈസോയിൽ പറയുന്നത്; ശ്രീ. സതീശൻ വായിച്ചതാണ്. എന്റെ അറിവോടുകൂടിയല്ല, without my knowledge എന്നുപറഞ്ഞാൽ അതിനകത്ത് 'Mens Rea'. ഇല്ല എന്നുപറഞ്ഞാൽ he will be exonerated. അതിനാവശ്യമായ സേഫ്ഗാർഡ് അതിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതിൽ ഒരു ബുദ്ധിമുട്ട് ഉണ്ടാകുന്നതല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ നിയമം പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയുള്ളതാണ്. കൂടുതൽ ഭക്ഷ്യസമ്പത്ത് ഉണ്ടാകാൻവേണ്ടിയാണ്. പിന്നീട് ഒരു അഭിപ്രായം ഇവിടെ വന്നു. ജൈവസമ്പത്തും ജലസമ്പത്തും നശിപ്പിക്കുന്ന അക്കേഷ്യപോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാൻ പ്രോൽസാഹനം കൊടുക്കരുത് എന്ന് പറഞ്ഞു; അത് നല്ല ആശയമാണ്. അക്കേഷ്യപോലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാൻ പ്രോൽസാഹനം കൊടുക്കേണ്ട. അതൊക്കെ സബ്ജക്ട് കമ്മിറ്റി ചർച്ചാവേളയിൽ ഒന്നുകൂടി ആലോചിച്ച് എന്തെങ്കിലും ചെറിയ മാറ്റങ്ങൾ വേണമെന്നുണ്ടെങ്കിൽ കൂടുതൽ മെച്ചപ്പെടുത്താൻ ആവശ്യമായിട്ടുള്ള കാര്യങ്ങൾ ഗവൺമെന്റ് സ്വീകരിക്കാം. അതുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഈ നിയമനിർമ്മാണത്തിൽ നമ്മൾ പ്രതിപക്ഷത്തെ കൂടുതൽ സഹകരിപ്പിച്ചുകൊണ്ട് പോകണമെന്ന് ആഗ്രഹിച്ചതാണ്. അങ്ങ് എടുത്ത നിലപാട് വളരെ സ്വാഗതാർഹമാണ്; ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അഭിനന്ദിക്കുന്നു. അങ്ങ് റൂൾ വേവ് ചെയ്തുകൊണ്ടും സാധാരണ കൺവെൻഷൻ അനുസരിച്ചും സമയം കൊടുത്തു. രണ്ടുപേരാണ് ഒരു ബില്ലിൽ പൊതുവേ സംസാരിക്കേണ്ടതെങ്കിൽ അതുകഴിഞ്ഞിട്ട് പ്രതിപക്ഷത്തിന് വീണ്ടും അവകാശം കൊടുത്തശേഷം അതിൽ പ്രൊട്ടസ്റ്റ് ചെയ്തുകൊണ്ട് പ്രതിപക്ഷം പോകുകയാണെന്നുപറഞ്ഞാൽ ഇത് വെറും പ്രചരണത്തിനോ.....

ശ്രീ. എം. എം. ഹസ്സൻ: അങ്ങ് ഇടയ്ക്കിടയ്ക്ക് പ്രതിപക്ഷം, പ്രതിപക്ഷം എന്ന് പറയുന്നു. ഭരണപക്ഷമായി വന്ന് പ്രതിപക്ഷമായി മാറിയ പ്രതിപക്ഷമെന്ന് വേണം പറയാൻ.

ശ്രീ. കെ. എം. മാണി: ഏതായാലും അതൊന്നും വേണ്ടാത്ത കാര്യമായിരുന്നു. നമുക്ക് അതിലെല്ലാം ദു:ഖമുണ്ട്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2004-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച 11-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ്ക്കണമെന്ന പ്രശ്നം സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly